Kandanad
Diocesan Bulletin

Vol. 12, No. 4, 15 April 2024

എഡിറ്റോറിയൽ

# വെക്കേഷൻ ബൈബിൾ സ്കൂൾ നമ്മോട് ആവശ്യപ്പെടുന്നത്

മദ്ധ്യവേനൽ അവധിക്കാലത്ത് വിദ്യാർത്ഥികൾക്കായി നടത്തപ്പെടുന്ന വേദപഠന കളരിയാണ് വെക്കേഷൻ ബൈബിൾ സ്കൂൾ (VBS). കുട്ടികളുടെ ഇടയിൽ സുവിശേഷ പഠനവും മിഷനറി താത്പര്യവും ശക്തമാക്കുന്നതിനും സുവിശേഷ വേലയിലേക്ക് അവരെ ആകൃഷ്ടരാക്കുന്നതിനും വേണ്ടി 1894 ൽ അമേരിക്കയിലെ ഇല്ലിനോയിസിൽ ഡി. റ്റി. മൈൽസ് എന്ന അദ്ധ്യാപകനാണ് ഈ അവധിക്കാല ബൈബിൾ സ്കൂൾ ആരംഭിക്കുന്നത്. വെക്കേഷൻ കാലത്ത് ആഴ്ചകളോളം നീണ്ടുനിൽക്കുന്ന ഈ പഠനത്തിൽ ബൈബിൾ പഠനങ്ങൾ, മിഷനറിമാരുടെ ജീവിതപാഠങ്ങൾ, പാട്ടുകൾ എന്നിവയായിരുന്നു ഇതിന്റെ ഉള്ളടക്കം. 1950 ആയപ്പോഴേയ്ക്കും കേരളത്തിലും VBS മിനിസ്ട്രിസിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു. കേരളത്തിൽ ഇപ്പോൾ ഇത് ഓരോ ക്രിസ്തീയ സഭകളും പ്രത്യേകമായി VBS ശുശ്രൂഷകൾ ആരംഭിച്ച് നടത്തിവരികയാണ്. ഇതുവഴി കുട്ടികളുടെ ഇടയിലുള്ള ഈ ശുശ്രൂഷ സഭകളുടെ വിശ്വാസ-ആചാര പരിധിയിലേക്ക് കൂടുതലായി അടുക്കുകയും ഇത് തുടങ്ങുന്ന കാലത്തെ താത്പര്യങ്ങളിൽ നിന്ന് ഇതിന്റെ അടിസ്ഥാന ലക്ഷ്യങ്ങൾക്ക് വ്യതിചലനം സംഭവിക്കുകയും ചെയ്തു. മാറ്റങ്ങൾ ഉണ്ടാകുന്നതും വരുത്തേണ്ടതും ആവശ്യമാണ്. എന്നാൽ സുവിശേഷ മൂല്യങ്ങൾ കുട്ടികളിലേക്ക് സന്നിവേശിപ്പിക്കാൻ ഉതകുന്ന നിലയിലേക്കാണോ ഇതിന് പരിണാമം ഉണ്ടായത് എന്ന് സൂക്ഷ്മമായി വിലയിരുത്തേണ്ടതാണ്, അതോ ഇത് കേവലം ഒരു വിനോദ പരിപാടിയായിട്ട് മാറിപ്പോയോ എന്നതും ഈയൊരു ഘട്ടത്തിൽ ചിന്തനീയമാണ്.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ഓർത്തഡോക്സ് വെക്കേഷൻ ബൈബിൾ സ്കൂളിന്റെ ഈ വർഷത്തെ മുഖ്യചിന്താവിഷയം 'നമുക്ക് പ്രാർത്ഥിക്കാം' എന്നതാണ്. വാസ്തവത്തിൽ ഇതൊരു ചിന്താവിഷയം എന്നതിലുപരി ആരാധനയിലേക്കുള്ള ആഹ്വാനം ആണ് (call to worship). വി. ലൂക്കോ. 11:1 ൽ നിന്ന് ഉരുത്തിരിഞ്ഞ പ്രാർത്ഥനയിലേക്കുള്ള ക്ഷണമായിട്ടായിരിക്കാം സംഘാടകർ ഈ ചിന്താവിഷയത്തെ മനസ്സിലാക്കിയത് എന്ന് തോന്നുന്നു. 'ചിന്താവിഷയം' എപ്പോഴും പഠനത്തിന്റെയും മറ്റ് അനുബന്ധ പ്രവർത്തനങ്ങളുടെയും ചൂണ്ടുപലകയാണ്, അതായിരിക്കും പഠനത്തെ ഊർജ്ജസ്വലമാക്കുന്നത്. അതായത് പ്രധാന ചിന്താവിഷയത്തിൽ നിന്ന് ഉരുത്തിരിയുന്ന വിഷയങ്ങളാകണം പഠനത്തിന്റെ ആകെതുക. പലപ്പോഴും പാട്ടുകൾ ചിട്ടപ്പെടുത്താൻ എളുപ്പമുള്ളതും പ്രതികരണത്തിന് (response) സാധ്യതയുള്ളതുമായ വാക്യങ്ങൾ കണ്ടെത്തി ചിന്താവിഷയം ആക്കാനാണ് പൊതുവേ ശ്രമിക്കുന്നത്. എന്നാൽ ഇതിനെല്ലാം അപ്പുറമായി സുവിശേഷ ലക്ഷ്യങ്ങളിൽ ഊന്നി നിൽക്കുന്നില്ലെങ്കിൽ ഇത് ഒരു വിനോദ പരിപാടിയുടെ തലത്തിനപ്പുറമായി സുവിശേഷ ദൗത്യം പൂർത്തിയാക്കാൻ കഴിയുന്ന ഒന്നായി മാറില്ല എന്നതാണ് വാസ്തവം.

ഈയൊരു കാലഘട്ടത്തിൽ കുട്ടികളുടെ ഇടയിലാണ് സഭയുടെ ശുശ്രൂഷകളും പഠനങ്ങളും ഏറ്റവും ശ്രദ്ധാപൂർവ്വം നിർവഹിക്കേണ്ടത്. അത് മറ്റേതൊരു കാലഘട്ടത്തെക്കാളും വെല്ലുവിളി നിറഞ്ഞതുമാണ്. VBS എന്ന പേര് സൂചിപ്പിക്കുന്നതുപോലെ

**EDITORIAL BOARD**

*President*
**H. G. Dr. Thomas Mar Athanasius**
Metropolitan

*Chief Editor*
**Fr. Abraham Karamel**

*Mg. Editor*
**Mr. P. J. Varghese**

*Members*
**Fr. Marydas Stephen**

**Fr. Alias Kuttiparichel**

**Fr. Shibu Kurian**

**Fr. Binoy John**

**Prof. Dr. M. P. Mathai**

**Mr. A. G. James**

**Mrs. Jiji Johnson**

www.kandanadeast.org

## ഉള്ളടക്കം

പേജ്

എഡിറ്റോറിയൽ
**വെക്കേഷൻ ബൈബിൾ സ്കൂൾ നമ്മോട് ആവശ്യപ്പെടുന്നത്** ........................ 1

**തിരുവെഴുത്തുകൾ: സഭയുടെ ആധികാരിക പാരമ്പര്യം-14** ...... 3
ഡോ. തോമസ് മാർ അത്താനാസ്യോസ്

**"ദ കേരള സ്റ്റോറി"യിലെ ചതിക്കുഴികൾ** ............................................... 8
ഡോ. എം. പി. മത്തായി

**കാര്യസ്ഥന്റെ ബുദ്ധി എന്നാണു നമുക്കുണ്ടാകുക?** .................... 10
ഫാ. ഷാജി കരിമ്പ്ലാനിൽ

**ഹോശന്നാ: നീതിക്കുവേണ്ടിയുള്ള നിലവിളി** ............. 14
ഫാ. സിബി മാത്യു വർഗീസ്

ഈ പഠനം ബൈബിൾ പഠനക്കളരിയാക്കുക എന്നതാണ് സഭയുടെ മുന്നിലെ വെല്ലുവിളി. തിരുവെഴുത്തുകൾ വായിക്കുന്ന കുട്ടികൾ ഉണ്ടാവുക, അവരുടെ ജീവിതത്തിൽ സുവിശേഷ വെളിച്ചം പകർന്നുകൊടുക്കുക, ചുറ്റുപാടുകളിൽ നിന്ന് ഉയർന്നുവരുന്ന പ്രശ്നങ്ങളെ സുവിശേഷ വെളിച്ചത്തിൽ വിലയിരുത്താൻ പരിശീലിപ്പിക്കുക, യേശുവുമായി ഗാഢവും വ്യക്തിപരവുമായ ബന്ധത്തിലേക്ക് കുട്ടികളെ കൊണ്ടുപോവുക എന്നീ കാര്യങ്ങൾ പരമപ്രധാനമാണ്. അതിന് ബൈബിൾ ആഭിമുഖ്യം കുട്ടികളിൽ ഉണ്ടാകുന്ന നിലയിൽ VBS ന്റെ പഠന പ്രവർത്തനങ്ങൾ ഉയരണം എന്ന് തന്നെയാണ് ചിന്തിക്കേണ്ടത്.

ഇന്നത്തെ നമ്മുടെ വിദ്യാർത്ഥികളുടെ പൊതുവിദ്യാഭ്യാസ രീതിയും വിഷയങ്ങളും മുൻഗണനകളും അനുദിനം മാറിക്കൊണ്ടിരിക്കുകയാണ് എന്നത് എല്ലാവരും സമ്മതിക്കുന്ന കാര്യമാണ്. ഈയൊരു മാറ്റങ്ങളിൽ ഇൻഫർമേഷൻ ടെക്നോളജിയുടെ പങ്ക് വളരെ നിർണ്ണായകവുമാണ്. ഈ മാറ്റത്തോടൊപ്പം അവരുടെ ബുദ്ധിപരമായ ശേഷിയും അറിവും അനുഭവവും മാറുന്നുണ്ട്. ഇത് അവരുടെ സാമൂഹ്യ-വിചാര ലോകത്തെ നിരന്തരം പുനർ നിർമ്മിക്കുന്നുണ്ട് എന്നതാണ് യാഥാർത്ഥ്യം. ഈ മാറ്റങ്ങളോട് നമ്മുടെ മത-ആദ്ധ്യാത്മിക ലോകത്തിന് എന്ത് പ്രതികരണമാണ് ഉള്ളതെന്ന് നാം സ്വയം ചോദിക്കേണ്ട ചോദ്യമാണ്. പലപ്പോഴും നമ്മുടെ സാമൂഹ്യ-വിചാര ലോകത്തിന് പുറത്താണ് ആദ്ധ്യാത്മികതയുടെ ജീവിതമണ്ഡലം. ക്രൈസ്തവ സഭയെക്കുറിച്ചുള്ള ഇന്നത്തെ പൊതുധാരണ സ്വർഗ്ഗത്തിലെത്താൻ ആവശ്യമായ സാഹചര്യമൊരുക്കുന്നതും ആദ്ധ്യാത്മിക പൊടിക്കൈകൾ പറഞ്ഞുകൊടുത്തും ചെയ്യിച്ചും വിശ്വാസികളെ നിലനിർത്തുന്നതുമായ സംവിധാനം ആണ് എന്നതാണ്. ചുരുക്കത്തിൽ ഇന്നത്തെ ആദ്ധ്യാത്മിക ലോകവും നിലനിൽക്കുന്ന സാമൂഹ്യ-വിചാര ലോകവുമായി യാതൊരു തരത്തിലും സംവദിക്കുന്നില്ല എന്നതും ചെറിയ നിലയിൽപോലും പരസ്പരം സ്വാധീനിക്കുന്നില്ല എന്നതുമാണ് വാസ്തവം. ഇന്ന് വഴിതെറ്റിയും വഴിപിരിഞ്ഞും പോകുന്നതിൽ കൂടുതലും ക്രിസ്ത്യാനി കുട്ടികളാണ് എന്ന ധാരണയാണ് നിലവിലുള്ളത്. കണ്ടുവളർന്നതും പഠിച്ചു പാടിയതും വായിച്ചതും ദൈവാനുഭവം രുചിച്ചതും ഒന്നും അവരെ സ്വാധീനിക്കാതെ പോയതല്ലേ പ്രശ്നം. അപ്പോൾ വിരൽ ആരുടെ നേരെ ചൂണ്ടണം? ഒത്തിരി പഠിക്കുന്നതിലല്ല കാര്യം, പഠിച്ചത് ജീവിതമാക്കി കൊണ്ടുനടക്കാൻ അഭ്യസിപ്പിക്കുക എന്നതാണ് പ്രധാനം.

*ശേഷം 9-ാം പേജിൽ*

# തിരുവെഴുത്തുകൾ: സഭയുടെ ആധികാരിക പാരമ്പര്യം-14

പഴയനിയമത്തിലെ ധർമ്മവിചാരം കണ്ടെത്തുന്നത് ന്യായപ്രമാണത്തിലും അവിടെ പ്രതിഫലിക്കുന്ന നീതിസങ്കല്പത്തിലുമാണ് എന്ന് നാം നിരീക്ഷിച്ചു കഴിഞ്ഞു. പുതിയനിയമത്തിൽ ഇത് അന്വേഷിക്കേണ്ടത് സുവിശേഷങ്ങളിലും ഇതര പുതിയനിയമരേഖകളിലുമാണ്. അവിടെ ഈ വിഷയം കൈകാര്യംചെയ്യുന്നത് എത്രമാത്രം ന്യായപ്രമാണവുമായുള്ള ബന്ധത്തിലാണ് എന്നത് നിർണ്ണായകമാണ്. പുതിയനിയമധാർമ്മികത രൂപപ്പെടുന്നത് ന്യായപ്രമാണാടിസ്ഥാനത്തിലാണെങ്കിൽ അവ തമ്മിലുള്ള പരസ്പരബന്ധം വ്യക്തമാണ്. എന്നാൽ ന്യായപ്രമാണം തിരസ്കരിച്ചുകൊണ്ടാണ് പുതിയനിയമം അതിന്റെ ധാർമ്മികത രൂപപ്പെടുത്തുന്നതെങ്കിൽ യേശുവിന്റെയും പുതിയനിയമ എഴുത്തുകാരുടെയും നീതിസങ്കല്പം പഴയനിയമത്തിൽ നിന്നും സ്വതന്ത്രമാണ് എന്ന നിഗമനത്തിൽ എത്തേണ്ടി വരും.

അതുപോലെ ധാർമ്മികതയുടെ ഉള്ളടക്കം സംബന്ധിച്ച് ന്യായപ്രമാണവും സുവിശേഷവും വ്യത്യസ്തതയും വൈരുദ്ധ്യവും പുലർത്തുന്നുവെങ്കിലും അവ തമ്മിൽ വെറും ഔപചാരിക ഐക്യം മാത്രമേയുള്ളൂ എന്നു ചിന്തിക്കേണ്ടതായും വരും.

യേശു തന്റെ നീതിസങ്കല്പം ന്യായപ്രമാണവുമായി ബന്ധപ്പെടുത്തിയാണോ സുവിശേഷങ്ങളിൽ അവതരിപ്പിച്ചിരിക്കുന്നത് എന്ന കാര്യത്തിൽ അന്വേഷണം ആരംഭിക്കാം. മത്തായിയുടെ സുവിശേഷപ്രകാരം യേശു ഈ വിഷയം സംബന്ധിച്ച് എന്തു ചിന്തിക്കുന്നു എന്ന സൂചന നൽകുന്ന ഭാഗങ്ങൾ ഉണ്ട്. യേശു പറയുന്നു: ഞാൻ വന്നിരിക്കുന്നത് ന്യായപ്രമാണത്തെയും പ്രവാചകന്മാരെയും നീക്കിക്കളയുവാൻ (katalusai) അല്ല പ്രത്യുത പൂർത്തീകരിക്കുവാനാ (pleirosai) ണ് (മത്താ. 5:17). ഇവിടെ പഴയനിയമത്തോടും പ്രത്യേകിച്ച് ന്യായപ്രമാണത്തോടും പ്രവാചകരേഖകളോടും ഉള്ള യേശുവിന്റെ സമീപനമാണ് വ്യക്തമാകുന്നത്. ന്യായപ്രമാണത്തിനും പ്രവചനത്തിനും സാധുതയുണ്ട് എന്നും തന്റെ നീതിസങ്കല്പം അതിനു വിരുദ്ധമല്ല എന്നും ഉള്ള വ്യക്തമായ സൂചനയാണ് ഇവിടെ യേശു നൽകുന്നത്. ഈ കാഴ്ചപ്പാട് കൂടുതൽ മൂർച്ചയുള്ളതാക്കുന്നതിനായി യേശു തുടർന്നു പറയുന്നു: എല്ലാം നിവർത്തിയാകുന്നതു വരെ ന്യായപ്രമാണത്തിലെ ഒരു ചില്ലക്ഷരം പോലും അഴിഞ്ഞുപോവുകയില്ല (മത്താ. 5:17).

ഈ വചനത്തിൽ പ്രത്യക്ഷപ്പെടുന്ന രണ്ട് ക്രിയകൾ ശ്രദ്ധാർഹമാണ്. അതിൽ ഒന്ന് 'katalusai' എന്നതാണ്. ഇതിന്റെ ഒരർത്ഥം നിർത്തലാക്കുക, കാലഹരണപ്പെടുത്തുക, റദ്ദാക്കുക (abolish, nullify) എന്നെല്ലാമാണ്. മറ്റൊരർത്ഥം അയവുവരുത്തുക (relax) എന്നതാണ്. ഇവിടെ ന്യായപ്രമാണത്തെ നിർത്തലാക്കുന്നതിനോ ലഘൂകരിക്കുന്നതിനോ താൻ ഉദ്ദേശിക്കുന്നില്ല എന്നാണ് യേശു പറയുന്നത്. അതിന്റെ മറുവശം എന്നത് ന്യായപ്രമാണത്തിന്റെ ആധികാരികത യേശു അംഗീകരിക്കുന്നു എന്നും അതിന് തുടർ സാധുതയുണ്ട് എന്നുമാണ്.

എന്നാൽ അത് അതേപടി തുടരുകയല്ല തന്റെ ഉദ്ദേശ്യം എന്നും യേശു കൂട്ടിച്ചേർക്കുന്നു. അത് എന്താണ് എന്നതാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്ന രണ്ടാമത്തെ ക്രിയയിലൂടെ-pleirosai സൂചിപ്പിക്കുന്നത്. ചരിത്രത്തിൽ ആരംഭിച്ച് പ്രവാചകന്മാർ വ്യാഖ്യാനിച്ച ന്യായപ്രമാണം തന്നിൽ അർത്ഥപൂർണ്ണതയിൽ എത്തിയിരിക്കുന്നു എന്നതാണ് അത്. അതായത് ന്യായപ്രമാണത്തിന് ഒരു ലക്ഷ്യം (goal) ഉണ്ട്. യേശുവിൽ അതു ലക്ഷ്യപ്രാപ്തി പ്രാപിച്ചിരിക്കുന്നു. അതോടെ അവയ്ക്ക് അതിന്റെ അർത്ഥത്തിലും പ്രയോഗത്തിലും ഉണ്ടായ വഴിത്തിരിവ് (twist) ആണ് ഇവിടെ പരാമർശിക്കുന്നത്. ന്യായപ്രമാണത്തിന്റെ പൂർത്തീകരണം (telos) എന്ന് (റോമ. 10:4) പൗലോസ് പറയുമ്പോൾ അതോടെ ന്യായപ്രമാണം അവസാനിച്ചു എന്നല്ല. telos എന്ന പദത്തിന് നടന്നുവന്നതിന്റെ പൂർത്തീകരണം (culmination) എന്നാണ് അർത്ഥം. ചുരുക്കത്തിൽ ധർമ്മവിചാരത്തിന്റെ അടിത്തറ ന്യായപ്രമാണവും പ്രവാചകന്മാരും തന്നെയാണ്. എന്നാൽ അവയ്ക്ക് അർത്ഥത്തിലും നിർവ്വഹണത്തിലും തന്നിൽ പൂർത്തീകരണം വന്നിരിക്കുന്നു എന്നതാണ് യേശുവിന്റെ നിലപാട്.

പരീശന്മാരും ശാസ്ത്രാദ്ധ്യാപകരും ന്യായപ്രമാണത്തിനു വരുത്തിയ അർത്ഥവ്യത്യാസവും അനുഷ്ഠാനപരമായ വ്യാഖ്യാനവും താൻ അംഗീകരിക്കുന്നില്ല എന്നും യേശു വ്യക്തമാക്കുന്നു (5:20). അതിന്റെയർത്ഥം ന്യായപ്രമാണത്തിന്റെ നിരാകരണം അല്ല; പരീശരുടെയും ശാസ്ത്രാദ്ധ്യാപകരുടെയും വ്യാഖ്യാനവും നടപടിയു

മാണ് യേശുവിന് സ്വീകാര്യമല്ലാത്തത്. അതു തുടർഭാഗം വ്യക്തമാക്കുന്നു: നിങ്ങളുടെ നീതി ശാസ്ത്രികളുടെയും പരീശരുടെയും നീതിയെ അധികരിക്കുന്നില്ല എങ്കിൽ നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല (5:20). ന്യായപ്രമാണത്തിന്റെ വിമോചനപരവും നിയോഗപരവുമായ അർത്ഥതലങ്ങൾ നിരാകരിച്ച് അതു നിയമപര (legalistic) വും അനുഷ്ഠാനപരവും ആയി ചുരുക്കുമ്പോൾ സംഭവിക്കുന്ന അപചയമാണ് ഇവിടെ സൂചന. നിയമത്തെ പ്രത്യേക രീതിയിൽ യഹൂദപ്രമാണിമാർ ലംഘിക്കുന്നുവെന്നതാണ് യേശുവിന്റെ നിരീക്ഷണവും വിമർശനവും. അവർ നിസ്സാര വസ്തുക്കൾക്ക് പസാരം (thith) വാങ്ങുന്നതു തുടങ്ങിയവയെ പ്രമാണപ്പെട്ട നിയമങ്ങളാക്കി ഉയർത്തുകയും നിയമത്തിലെ കാതലായ വിഷയങ്ങളായ നീതി, കരുണ, വിശ്വസ്തത തുടങ്ങിയവയെ അവഗണിക്കുകയും ചെയ്യുന്നു. നിയമസംഹിതയെ ഉയർത്തിപ്പിടിക്കുകയും പ്രധാനമായതിനെ നിസ്സാരവത്കരിക്കുകയും ചെയ്യുന്നു. യേശു നിയമത്തിനു നൽകുന്ന പ്രാധാന്യവും യഹൂദർ അതിനെ നിസ്സാരവത്കരിക്കുന്നതും ആണ് ഇവിടെ പ്രമേയം.

സുവിശേഷങ്ങളുടെ തുടക്കം മുതൽ ന്യായപ്രമാണം പ്രതിനിധീകരിക്കുന്ന നീതിസങ്കല്പം പ്രകടമാണ്. മറിയാമിന്റെ പാട്ടിൽ (ലൂക്കോ. 1:47-55) ക്രിസ്തുവിന്റെ ജനനത്തോടെ ആരംഭിക്കുന്ന പുതിയയുഗത്തിൽ ന്യായപ്രമാണ നീതി ശക്തമായിത്തീരുമെന്നാണ് മറിയാം പാടുന്നത്. അവിടെ ദൈവം സിംഹാസനാരൂഢരെയും ധിക്കാരികളെയും അധികാരികളെയും ധനികരെയും നിലയ്ക്കുനിർത്തി ദരിദ്രരെയും അശരണരെയും അവഗണിക്കപ്പെട്ടവരെയും ഉയർത്തി സമൂഹത്തിൽ നീതി നടപ്പാക്കും എന്നാണ് മറിയം വിഭാവനം ചെയ്യുന്നത്. ന്യായപ്രമാണ നീതി ക്രിസ്തുവിൽ ഉറപ്പിക്കപ്പെടും എന്നാണ് മറിയാം ആലപിക്കുന്നത്. പഴയനിയമത്തിലെ ജൂബിലി സങ്കല്പം വിഭാവനം ചെയ്യുന്ന നീതിയുടെ നിറപ്പാകൽ ക്രിസ്തുവിലൂടെ നടപ്പാകും എന്ന പ്രവചനമാണിത്.

മനുഷ്യരക്ഷയ്ക്ക് എന്തു ചെയ്യണം എന്ന ചോദ്യവുമായി യേശുവിനെ സമീപിച്ച ന്യായശാസ്ത്രിയോട് അതിന് ഉത്തരം ന്യായപ്രമാണത്തിൽ തന്നെയുണ്ടല്ലോ എന്ന മറുപടിയാണ് യേശു നൽകുന്നത് (ലൂക്കോ. 10:26, 28, 37). ന്യായപ്രമാണപ്രകാരം നീതി എന്നാൽ മനുഷ്യനെ സ്നേഹിക്കുക എന്നതാണ് എന്ന് യേശു അയാളെ ഓർമ്മിപ്പിക്കുന്നു. ദൈവത്തെ സ്നേഹിക്കുക, അപരനെ (ശത്രുവിനെ ഉൾപ്പെടെ) സ്നേഹിക്കുക (മത്താ. 5:43-48) എന്നതിൽ ന്യായപ്രമാണം മുഴുവനും അടങ്ങിയിരിക്കുന്നു എന്നതാണ് യേശുവിന്റെ പക്ഷം. ധനവാന്റെയും ലാസറിന്റെയും ഉപമയിൽ മനുഷ്യരക്ഷയ്ക്കാവശ്യമായ ധാർമ്മികത ന്യായപ്രമാണങ്ങളിലും പ്രവചനങ്ങളിലും ഉണ്ട് എന്ന് യേശു ചൂണ്ടിക്കാണിക്കുന്നു (ലൂക്കോ. 16:19).

ന്യായപ്രമാണത്തിന്റെ വിമർശകൻ എന്ന നിലയിൽ അറിയപ്പെടുന്ന പൗലോസിന്റെ ന്യായപ്രമാണം സംബന്ധിച്ച വീക്ഷണവും വ്യത്യസ്തമല്ല. ക്രിസ്തുവിലൂടെ ലഭ്യമായ കൃപയുടെയും രക്ഷയുടെയും പേരിൽ ന്യായപ്രമാണത്തിന്റെ സാധുത പൗലോസ് നിഷേധിക്കുന്നില്ല. അതു കാലഹരണപ്പെട്ടുപോയതായി പൗലോസ് വാദിക്കുന്നുമില്ല. പ്രസ്തുത അതിന്റെ പ്രാമാണ്യവും തുടർസാദ്ധ്യതയും അദ്ദേഹം ഉറപ്പിക്കുന്നു. We do not overthrow law by the faith. By no means; on the contrary we uphold the Law (Rom 3:3). മനുഷ്യസമൂഹത്തിനു ലഭിച്ച സാർവ്വത്രികരക്ഷ ന്യായപ്രമാണത്തിന്റെ അനുഷ്ഠാനം വഴി സിദ്ധിക്കുന്നു എന്നും അതിനാൽ ന്യായപ്രമാണം അപ്രസക്തമാകുന്നില്ല എന്നതുമാണ് അദ്ദേഹത്തിന്റെ ചിന്ത. Law is holy, and the commandment is holy and just and good (Rom. 7:12). ക്രിസ്തുവിൽ വെളിപ്പെട്ട നിയമം ന്യായപ്രമാണത്തിനു വിരുദ്ധമല്ല (ഗലാ. 5:23).

ന്യായപ്രമാണത്തിന്റെ സംക്ഷിപ്തരൂപമാണ് അയൽക്കാരനെ സ്നേഹിക്കണം എന്നത് (ഗലാ. 5:14). അതായത് ഇവിടെ ന്യായപ്രമാണത്തെ യേശുവും ശിഷ്യന്മാരും തള്ളിക്കളയുന്നില്ല. ന്യായപ്രമാണ- പ്രവാചക സന്ദേശങ്ങൾക്ക് നിലനിൽപ്പും സാധുതയും ഉണ്ട്. അതുകൊണ്ട് 'ഈ പ്രമാണങ്ങളിൽ ഏറ്റവും നിസ്സാരമായ ഒന്ന് ലംഘിക്കുകയോ ലംഘിക്കാൻ മറ്റുള്ളവരെ പഠിപ്പിക്കുകയോ ചെയ്യുന്നവൻ ദൈവരാജ്യത്തിൽ ചെറിയവൻ എന്ന് വിളിക്കപ്പെടും (whoever breaks one of the least of these commandments and teaches others to do the same , will be called the least in the kingdom of God) (മത്താ. 5:19)'. ന്യായപ്രമാണത്തിന്റെ അടിസ്ഥാനത്തിലുള്ള ധാർമ്മികവിചാരമാണ് പുതിയനിയമത്തിലേത് എന്നത് ഈ പഠനം വ്യക്തമാക്കുന്നു.

പഴയനിയമത്തിലെ ന്യായപ്രമാണം എങ്ങനെ ക്രിസ്തുവിൽ പൂർത്തീകരിക്കുന്നുവെന്നും അവയുടെ ലക്ഷ്യം ആർജ്ജിച്ചിരിക്കുന്നുവെന്നും നാം അന്വേഷിക്കണം. അതിന്റെ ഭാഗമായി രണ്ട് ന്യായപ്രമാണകല്പനകൾ യേശു വിശദീകരിക്കുന്നു. യേശു പറയുന്നു: കൊലപാതകം ചെയ്യരുത് എന്നു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ (പുറ. 20:13; ആവ.

5:16). ഈ കല്പന ഉദ്ധരിച്ചുകൊണ്ട് യേശു പറയുന്നു: മറ്റൊരുവനോട് ദേഷ്യപ്പെട്ടാൽ അവൻ ന്യായവിധിക്ക് അർഹനാകും. മറ്റൊരുവനെ അപമാനിച്ചാൽ അവൻ ന്യായാധിപസംഘത്തിന്റെ മുമ്പിൽ നിൽക്കേണ്ടിവരും. ഒരുവനെ വിഡ്ഢി (moros) എന്നു വിളിച്ചാൽ അവൻ നരകശിക്ഷയ്ക്ക് അർഹനാകും (മത്താ. 5:27). പഴയനിയമന്യായപ്രമാണപ്രകാരം ഒരുവനെ കൊലപ്പെടുത്തുകയും അതിന് വിശ്വസനീയ സാക്ഷികൾ ഉണ്ടാവുകയും ചെയ്താൽ അതിനു തക്ക ശാരീരികശിക്ഷ അനുഭവിക്കേണ്ടി വരുന്നു. യേശുവാകട്ടേ ന്യായപ്രമാണനിയമത്തിന്റെ പൂർത്തീകരണമായി ഒരുവനെതിരെ ദേഷ്യപ്പെടുന്നതുപോലും കൊലപാതകത്തിനു തുല്യമാക്കുകയാണ്. 'വിഡ്ഢി' എന്നു വിളിച്ചാൽ നരകശിക്ഷയ്ക്കും അർഹനാകും. ഇവിടെ ആക്ഷേപിക്കുന്നതുപോലും കൊലക്കുറ്റത്തിന് തുല്യമാക്കുകയാണ്. ശിക്ഷയാകട്ടേ നരകശിക്ഷവരെ ആവുകയും ചെയ്യുന്നു. അതുകൊണ്ട് ഇവിടെ കുറ്റത്തിന്റെ വ്യാഖ്യാനം മൗലികമാ (radical) ക്കുകയും ശിക്ഷ അതികഠിനമാക്കുകയും ആണ്.

സാധാരണഗതിയിൽ അവഹേളിക്കപ്പെടുന്നവനും അപമാനിക്കപ്പെടുന്നവനും സമൂഹത്തിൽ ചെറിയവൻ ആയിരിക്കുമല്ലോ. അതുകൊണ്ട് ന്യായപ്രമാണപ്രകാരം സമൂഹത്തിൽ നിസ്സാരന്റെയും എളിയവന്റെയും ദരിദ്രന്റെയും സംരക്ഷിക്കപ്പെടേണ്ട നീതിയാണ് ഇവിടെ നിഷേധിക്കപ്പെടുന്നതായി പറയുന്നത്. യേശു പറയുന്നു: ഈ ചെറിയവരിൽ ഒരുവന് ഇടർച്ച വരുത്തിയാൽ തിരികല്ല് കെട്ടി കടലിൽ ചാടുന്നതാണ് നല്ലത് (മത്താ. 18:6).

വീണ്ടും ന്യായപ്രമാണത്തിലെ മറ്റൊരു കല്പന യേശു എങ്ങനെ തന്നിൽ പൂർത്തിയാകുന്നു എന്ന് വിശദീകരിക്കുന്നു. വ്യഭിചാരം ചെയ്യരുത് എന്നു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ (പുറ. 20:14; ആവ. 22:22). വ്യഭിചാരം എന്നത് ഒരുവൻ മറ്റൊരുവന്റെ ഭാര്യയുമായി ലൈംഗിക ബന്ധത്തിൽ ഏർപ്പെടുന്ന കാര്യമാണ്. യേശു അത് അംഗീകരിച്ചുകൊണ്ട് പറയുന്നു: ഒരുവൻ സ്ത്രീയെ ഭോഗാസക്തിയോടെ (lust) നോക്കിയാൽ അതു വ്യഭിചാരമാണ് (മത്താ. 5:27). ഇവിടെ സ്ത്രീ വിവാഹിതയാകണമെന്നില്ല. ലൈംഗിക താത്പര്യത്തോടെ സംസാരിക്കണം എന്നുമില്ല. മനസ്സിൽ ആഗ്രഹിച്ചാൽ മാത്രം മതി. കൊലക്കുറ്റത്തിൽ പരിഹാസ സംസാരം കുറ്റത്തിനു തുല്യമെങ്കിൽ വ്യഭിചാരകാര്യത്തിൽ മനോഭാവം തന്നെ കുറ്റത്തിനു തുല്യമാണ്. ഇവിടെ കുറ്റനിർവ്വചനം കർക്കശമാക്കുകയും ശിക്ഷ വർദ്ധിപ്പിക്കുകയും ആണ്. പഴയനിയമ ന്യായപ്രമാണം അംഗീകരിച്ചുകൊണ്ടു തന്നെ അതിനെ കൂടുതൽ കർക്കശമാക്കുകയാണ് ചെയ്തിരിക്കുന്നത് എന്ന് വ്യക്തം. ന്യായപ്രമാണത്തിന്റെ ഉള്ളടക്കം സഹോദരസ്നേഹമാണ് എന്നത് (ലേവ്യ. 19:18) ഏക ന്യായപ്രമാണകല്പന ആക്കുകയും അത് അനാദരിക്കുന്നവർക്ക് നരകശിക്ഷ നൽകുകയുമാണ്. അതായത് ന്യായപ്രമാണം നിർത്തലാക്കുകയോ ലഘൂകരിക്കുകയോ പുതിയനിയമപ്രമാണത്തിൽ നടക്കുന്നില്ല. ചെറിയവനു നീതി ലഭ്യമാക്കാതെയും സഹോദരനോടു കരുണ കാണിക്കാതെയും അനീതി പ്രവർത്തിക്കുന്നവർ ഈ ന്യായപ്രമാണത്തിന്റെ അടിസ്ഥാനത്തിലാണ് അന്ത്യദിനത്തിൽ വിധിക്കപ്പെടുന്നത്. യുഗാന്ത്യത്തിൽ ക്രിസ്തുവിന്റെ നീതി വെളിപ്പെടുകയും ശിക്ഷയും രക്ഷയും നൽകപ്പെടുകയും ചെയ്യുന്നത് ചെറിയവനോട് (ദരിദ്രൻ, അഭയാർത്ഥി, കുറ്റവാളി) ഓരോരോരോവനുമുള്ള സമീപനത്തിന്റെ അടിസ്ഥാനത്തിലാണ് (മത്താ. 25:31-46). വലിയ ദുഷ്കർമ്മങ്ങൾ മാത്രമല്ല ശിക്ഷയ്ക്ക് ആധാരം. ദരിദ്രനും അവഗണിക്കപ്പെട്ടവനും നീതി നിഷേധിക്കുന്നതും സ്നേഹരാഹിത്യ സമീപനവും കടുത്ത ശിക്ഷാർഹമാണ്. അവർക്കു ന്യായം ലഭിക്കാതെ പോകുന്നത് ന്യായപ്രമാണത്തിന്റെ ലംഘനമാണ്. അനാഥരെയും വിധവകളെയും പിന്തുണയ്ക്കുന്നതാണ് നീതി (ഈയ്യോബ് 22:9; യെശ. 10:2; യിരമ്യ. 49:11; എസെക്കി. 22:25). നീതിയുടെ മാനദണ്ഡമായ യഹോവ അശരണരുടെ പിതാവും വിധവകൾക്ക് സംരക്ഷകനും അഭയാർത്ഥികൾക്കും അനാഥർക്കും നീതി നടത്തുന്നവനും (സങ്കീ. 68:5; ആവ. 10:17-19) ആണ്. അങ്ങനെ ന്യായപ്രമാണപ്രകാരം യേശുവിന്റെ വീണ്ടും വരവിൽ നീതി നടത്തുന്നതാണ് ന്യായവിധി (മത്താ. 25:41-48; വെളി. 20:11-15). അതുകൊണ്ടാണ് നിങ്ങൾക്കെതിരെ ആരോപണം ഉന്നയിക്കുവാൻ പോകുന്നത് ഞാനല്ല ന്യായപ്രമാണം (മോശ) ആയിരിക്കുമെന്ന് യേശു പറയുന്നത് (യോഹ. 5:46). ക്രിസ്തുവിന്റെ മുഖം ദരിദ്രനിൽ കാണാതിരിക്കുന്നത് ന്യായപ്രമാണലംഘനമാണ് എന്നാണ് യേശുവിന്റെ പ്രസ്താവനയുടെ പൊരുൾ. ദൈവത്തിന്റെ നിസ്തുലസ്നേഹം ക്രിസ്തുവിൽ വെളിപ്പെട്ടിട്ടും ആ സ്നേഹം ഉൾക്കൊള്ളാതെയുള്ള ചെറിയവനോടുള്ള സമീപനം ആത്യന്തികമായി ന്യായപ്രമാണ ലംഘനം തന്നെയാണ്. സമൂഹത്തിലെ വ്യക്തിബന്ധങ്ങളുടെ ധാർമ്മികതയും മനുഷ്യന്റെ ന്യായവിധി നിർണ്ണയിക്കുന്നതിന്റെ മാനദണ്ഡവും ന്യായപ്രമാണം എന്ന് സ്ഥാപിക്കപ്പെടുകയാണ്.

ഈ ചിന്ത തന്നെയാണ് സുവിശേഷത്തിലും പുതിയനിയമ ഗ്രന്ഥങ്ങളിലും പ്രതിഫലിക്കു

ന്നത്. റോമാലേഖനത്തിൽ പൗലോസ് പറയുന്നു: ക്രിസ്തു നിയമത്തെ പൂർത്തീകരിച്ചിരിക്കുന്നു (10:4). നിയമവും പ്രവാചകന്മാരും സാക്ഷ്യപ്പെടുത്തിയിട്ടുള്ള ദൈവത്തിന്റെ നീതി നിയമത്തിലൂടെയല്ലാതെ ഇപ്പോൾ വെളിപ്പെട്ടിരിക്കുന്നു (റോമ. 3:21). ക്രിസ്തുവിലുള്ള നീതിയെ സൂചിപ്പിക്കുകയും സാക്ഷീകരിക്കുകയും ചെയ്യുന്നതാണ് ന്യായപ്രമാണവും പ്രവാചകന്മാരും. ക്രിസ്തുവിൽ നടക്കുന്നതായി പറയപ്പെടുന്ന ധാർമ്മികമൗലികതയുടെ അടിസ്ഥാനം/മാനദണ്ഡം ന്യായപ്രമാണം തന്നെ. ഈ മൗലികകാഴ്ചപ്പാടിനെ പൗലോസ് ക്രിസ്തുവിന്റെ നിയമം (Law of Christ) എന്നു വിളിക്കുന്നു (ഗലാ. 6:2: 5:14).

ക്രിസ്തുവും പുതിയനിയമരേഖകളും ന്യായപ്രമാണത്തെയും പ്രവാചകന്മാരെയും തിരസ്കരിച്ച് പുതിയ ധാർമ്മികവിചാരത്തിന് രൂപം കൊടുക്കുകയായിരുന്നില്ല. ന്യായപ്രമാണധാർമ്മികതയുടെ അടിസ്ഥാനനിർദ്ദേശമായ സ്നേഹപ്രമാണപ്രകാരം ന്യായപ്രമാണത്തെ പുനർവ്യാഖ്യാനിച്ച് ക്രിസ്തുവിൽ ധർമ്മവിചാരത്തിന് പുതിയ വഴിത്തിരിവു നൽകുകയായിരുന്നു. ന്യായപ്രമാണത്തിന്റെ അന്തസത്ത അയൽക്കാരനെ സ്നേഹിക്കുകയാണ് എന്ന് യേശു പറയുന്നത് യേശുവിന്റെ കണ്ടുപിടുത്തം അല്ല; ന്യായപ്രമാണത്തിൽ ഉള്ളതാണ് (ലേവ്യ. 19:9-18). അതുകൊണ്ടാണ് യേശു പറയുന്നത്: ഒരുവൻ മറ്റുള്ളവരിൽ നിന്ന് പ്രതീക്ഷിക്കുന്നത് അവർ മറ്റുള്ളവർക്ക് ചെയ്തുകൊടുക്കണം (മത്താ. 7:12). മനുഷ്യബന്ധങ്ങൾ ന്യായപ്രമാണത്തിൽ വെളിപ്പെട്ടിരിക്കുന്ന നിരുപാധികസ്നേഹത്തിന്റെയടിസ്ഥാനത്തിലായിരിക്കണം. ഈ പശ്ചാത്തലത്തിലാണ് യേശു പല്ലിനു പകരം പല്ല് തുടങ്ങിയ ന്യായപ്രമാണനിർദ്ദേശങ്ങൾ (പുറ. 21:24; ലേവ്യ. 24:20; ആവ. 19:2) വ്യാഖ്യാനിക്കുന്നത്. നിങ്ങൾ ആരോടും പകരം വീട്ടരുത്. ഒരു ചെകിടത്ത് ഒരുവൻ അടിച്ചാൽ മറ്റേത് കാണിച്ചുകൊടുക്കണം (മത്താ. 5:38). ഇവിടെ ന്യായപ്രമാണപ്രകാരമുള്ള സഹോദരസ്നേഹത്തിന്റെ മാനദണ്ഡത്തിൽ ധാർമ്മികതയെ യേശു വിശദീകരിക്കുന്നു.

ന്യായപ്രമാണത്തിന്റെ അടിസ്ഥാനത്തിലാണ് ധനവാന്റെയും ലാസറിന്റെയും ഉപമയിൽ ധനവാൻ വിധിക്കപ്പെടുന്നത്. നിങ്ങളുടെയിടയിൽ ഒരു ദരിദ്രൻ ഉണ്ടെങ്കിൽ അവനെതിരേ ഹൃദയം കഠിനമാക്കുകയോ അവനുവേണ്ടി കൈയയ്ക്കുവാൻ മടിക്കുകയോ അരുത് (ആവ. 15:7,8). മനുഷ്യസ്നേഹം പ്രായോഗികമാക്കാത്തവർക്ക് മരണാനന്തരം ദൈവം നൽകുന്ന ശിക്ഷ കൂടി മനസ്സിലാക്കണം. ദൈവത്തിന്റെ ന്യായവിധിയുടെ സ്വഭാവം മനസ്സിലാക്കുമ്പോഴാണ് ദൈവികപദ്ധതിയുടെ പൂർണ്ണത വ്യക്തമാകുന്നത്. ലോകത്ത് ദൈവം നല്ലവരുടെ മേലും ദുഷ്ടരുടെ മേലും ഒരുപോലെ മഴ പെയ്യിക്കുന്നു (മത്താ. 5:45). ദൈവം സ്നേഹമാണെന്നും മനുഷ്യർ തമ്മിൽ പുലരേണ്ടത് നീതിയും സ്നേഹവുമാണ് എന്നും മനസ്സിലാക്കാതെ ജീവിക്കുന്നവർക്ക് അതേസമയം കടുത്ത ശിക്ഷാവിധിയുണ്ട് എന്ന പഴയനിയമധാർമ്മികതയുടെ സമഗ്രഭാവമാണ് സുവിശേഷത്തിലൂടെ വ്യക്തമാകുന്നത്.

മേൽ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ നാം എത്തുന്ന നിഗമനങ്ങൾ ചുവടെ ചേർക്കുന്നു:

1. യേശുവും പുതിയനിയമവും ന്യായപ്രമാണം തിരസ്കരിക്കുകയോ ലഘൂകരിക്കുകയോ ചെയ്യുന്നില്ല. അതിന്റെ സാധുത അംഗീകരിക്കുകയും അതിന്റെ നിലനിൽപ്പ് ഉറപ്പിക്കുകയുമാണ് ചെയ്യുന്നത്.

2. ന്യായപ്രമാണം യേശുവിൽ പൂർത്തീകരിക്കപ്പെടുന്നു. പഴയനിയമന്യായപ്രമാണത്തിൽ ധാർമ്മികത പ്രവൃത്തിയായിരുന്നുവെങ്കിൽ യേശുവിൽ അതിലുപരി അതു വാക്കിന്റെയും ചിന്തയുടെയും മനോഭാവത്തിന്റെയും കാര്യമായി ആശയവത്കരിക്കപ്പെടുകയും മൗലികവത്കരിക്കപ്പെടുകയുമാണ് ചെയ്തത്. ന്യായപ്രമാണസാധുതയുടെ വ്യാഖ്യാന-നിയന്ത്രണമാനദണ്ഡം ന്യായപ്രമാണത്തിലെ തന്നെ പരസ്നേഹമാക്കി നിജപ്പെടുത്തുകയായിരുന്നു.

3. സമൂഹം സംഘർഷ-അനീതി-ചൂഷണരഹിത കൂട്ടായ്മയായി മാറണമെന്ന ന്യായപ്രമാണലക്ഷ്യം തന്നെയാണ് തന്നിൽ ന്യായപ്രമാണനിവൃത്തി സംഭവിച്ചപ്പോൾ നടന്നതായി യേശു പറഞ്ഞപ്പോൾ വിവക്ഷിച്ചത്. യേശു പ്രഘോഷിച്ച ദൈവരാജ്യം ജൂബിലി സങ്കല്പത്തിന്റെ നിത്യ സാക്ഷാത്കാരവും സ്നേഹാധിഷ്ഠിതമായ നീതിക്രമവും ആയിരുന്നു. ഇവിടെയും ന്യായപ്രമാണവും സുവിശേഷവുമായി വൈരുദ്ധ്യമില്ല. സുവിശേഷം ന്യായപ്രമാണത്തിന്റെ പൂർത്തികരണമാവുകയാണ്.

4. ന്യായപ്രമാണനീതി എന്നത് ദരിദ്രനും അനാഥനും വിധവയും അഭയാർത്ഥിയും ഉൾപ്പെട്ട പാർശ്വവത്കൃതരുടേതായിരുന്നു. ലാസറിന്റെ ഉപമയും അന്ത്യന്യായവിധിയും മറിയാമിന്റെ പാട്ടുമെല്ലാം വിരൽ ചൂണ്ടുന്നത് ഈ ന്യായപ്രമാണനീതിയിലേക്കാണ്. ഈ നീതിസമൂഹത്തിന്റെ ആത്യന്തിക സാക്ഷാത്കാരമാണ് വെളിപാട് പുസ്തകത്തിൽ നാം ദർശിക്കുന്ന പുതിയ ഭൂമി (20:11-15).

എന്നാൽ ക്രിസ്തുവിൽ തുടങ്ങി വെച്ച സാമൂഹ്യക്രമത്തിൽ ഈ നീതിനിഷേധിക്കുന്നവർക്ക്

കടുത്ത പരലോക ശിക്ഷയുണ്ട്. യേശുവിൽ പൂർത്തിയാക്കപ്പെട്ട ന്യായപ്രമാണം ലംഘിക്കുന്ന വർക്ക് പഴയനിയമന്യായപ്രമാണം ലംഘിക്കുന്നവർക്കു കിട്ടുന്നതിലും വലിയ ശിക്ഷയാണ് കാത്തിരിക്കു ന്നത്. ദൈവത്തിന്റെ ക്രോധം വെളിപ്പെടും എന്നാണ് പുതിയ നിയമം പഠിപ്പിക്കുന്നത് (മത്താ. 3:10; യോഹ. 3:36;3:18; 5:29).തിന്മ ചെയ്യുന്നവർക്ക് ശിക്ഷയുണ്ടെന്നും (മത്താ. 22:13; 26:15; 7:20; 8:12) ശിക്ഷയെന്നത് സാർവത്രിക നാശ മാണെന്നും (മത്താ. 10:15;11:24; 10:28; 12:31-33; 35-37; 13:30; 14:42) അതു പ്രതികാരമായി തന്നെ മാറാം (റോമ. 12:19) എന്ന് വ്യക്തം. അനീതി ഉപേക്ഷിച്ച് അനുതപി ക്കാത്തവർക്ക് പഴയനിയമന്യായ പ്രമാണപ്രകാരം ലഭിക്കുന്ന ശിക്ഷ യിലും കഠിനമായ ശിക്ഷയാണ് യേശു വിഭാവനം ചെയ്യുന്നത്. കുറ്റവും ശിക്ഷയും പുതിയനിയമ ത്തിൽ ഇല്ലാതാകുന്നില്ല. കുറ്റം കൂടുതൽ മൗലികവും ശിക്ഷ മരണാനന്തരവും ശിക്ഷകൻ ദൈ വവും ആകുന്നു എന്നു മാത്രം. അത് യേശുവിന്റെ ഉപദേശങ്ങ ളിലും ഉപമകളിലും പ്രകടമാണ് (മത്താ. 22:12, 13; 25:22-30).

ചുരുക്കത്തിൽ പഴയനിയമ ത്തിലെ ധർമ്മവിചാരങ്ങൾ പുതി യനിയമത്തിലെ ധർമ്മവിചാര ങ്ങൾക്കു വിരുദ്ധമാണ് എന്ന വാദം അടിസ്ഥാനമില്ലാത്തതാണ് എന്ന നിഗമനത്തിലാണ് ഈ ചർച്ചയുടെ പശ്ചാത്തലത്തിൽ നാം എത്തിച്ചേ രുന്നത്. തിരുവെഴുത്തുകളുടെ ഐക്യത്തിന് ഈ തിരിച്ചറിയൽ സഹായകമാകുന്നു.

സസ്നേഹം

നിങ്ങളുടെ
അത്താനാസിയോസ് തോമസ്
മെത്രാപ്പോലീത്ത

# A tribute to Dr. C. V. Raman

**K. P. Peter Kunnath**

Science Day celebrates as tribute to the first Nobel laureate in Physics from India Dr. C. V. Raman.

His remarkable contribution was in the advanced study of spectroscopy, the deflection of light while it traverse.

I had occasions to attend two commemorative seminars on Dr.C V Raman at Indian Institute Of Science Bangalore, as the college where I studied Engineering, M S Ramaiah Institute of Technology is adjacent to IISC.

The very purpose of celebrating Science Day is to promote scientific temper and to highlight the significance of science in our lives. It also reminds us of the over exploitation and excessive use of natural resources that lead us to chaos.

This year (2024) according to ministry of science and technology, the theme of science day is "indigenous technology for a developed India".We all know our space research and explorations are almost depended on indigenous technology developed by our own scientists.

India is perhaps the only country explicitly adopted scientific temper in the constitution. In the42nd amendment of the constitution of India, article 51A enshrine many revolutionary changes of which the two vital deliberations are regarding science and environment.

1) To develop a scientific temper, humanism and the spirit of enquiry and reform.
2) To protect and improve the natural environment including forests, lakes, rivers and wildlife, also to have compassion for living species.

Science plays a pivotal role in the progress and development of our country by fostering innovations driving technological advancements and addressing societal challenges. It serves as the backbone of economical growth, empower industries, enhance health care, contribute to agricultural fields, especially to cater the growing demand for food production. Science and its developments are instrumental in nurturing a skilled workforce, fostering entrepreneurship and make India a global leader.

As technology advances responsibly also increases. Ethical implications of scientific discoveries are increasingly significant. We have to be cautious not to repeat Chernobyl or Bhopal incidents anymore. Issues related to Artificial Intelligence, gene editing surveillance digitalisation etc raise important ethical issues. Science Day observations are opportunities to engage in discussions and deliberations regarding these ethical issues.

As we all know environment is facing unprecedented challenges like climate changes,global warming/boiling, emission of greenhouse gases, pollution and such other menaces. The study of ecosystem, biodiversity and sustainable resource management are the need of the day to preserve our planet safe to live.

The excessive exploration and overuse of fossil fuels emits greenhouse gases to our atmosphere and deplete the oxygen level. Due to global warming severe climate changes occur, icebergs in Antarctic and glaciers, in the mountains like Himalaya region melt and M.S.L. raise causing severe erosion and landslide.

Emission of greenhouse gases results in the rupture and damage of ozonosphere, thereby causing severe health hazards.

As a scientifically enlightened community we have to be cautious about these manaces. It is our responsibility to restrict the over exploitation of natural resources, make the planet a safe habitat.

Thus Science holds the key to the future evolution, it transforms our lives and make our planet safer and sustainable.

NB: While we develop science and technology, explore and trying to colonise even the outer space, we have to conduct explorations to our own consciousness and inner being,develop a healthy spiritual and righteous consciousness and "HAGIA SOPHIA".

(Science Day (2024 ) Speech at st.Xaviers' Public School at Kandankadavu near Chellanam )

പ്രതികരണം

# "ദ കേരള സ്റ്റോറി"യിലെ ചതിക്കുഴികൾ

**ഡോ. എം. പി. മത്തായി**

**നി**ർമ്മാണഘട്ടം മുതൽ ഇന്നോളം വിവാദങ്ങൾ ക്ഷണിച്ചു വരുത്തിക്കൊണ്ടിരിക്കുന്ന ഒരു ചലച്ചിത്രമാണ് "ദ കേരള സ്റ്റോറി". കോളേജ് പഠനത്തിന് വീട് വിട്ട് പട്ടണത്തിലെ ഹോസ്റ്റലിൽ താമസമാക്കുന്ന ഹിന്ദു-ക്രിസ്ത്യൻ പെൺകുട്ടികളെ പ്രലോഭിപ്പിച്ച്, പ്രണയവലയിൽ കുരുക്കി, ഇസ്ലാമിലേക്ക് മതം മാറ്റി, ഇസ്ലാമിക് സ്റ്റേറ്റ് - ISIS എന്ന തീവ്രവാദി സംഘത്തിൽ എത്തിക്കാൻ ഒരു പറ്റം മുസ്ലീങ്ങൾ ശ്രമിക്കുന്നതാണ് സിനിമയുടെ ഇതിവൃത്തം.

പ്രണയക്കെണിയിൽപെട്ട് ഇസ്ലാം സ്വീകരിക്കുന്ന ശാലിനി ഉണ്ണികൃഷ്ണൻ -ഫാത്തിമ ബാ - എന്ന യുവതി IS ൽ ചേർക്കപ്പെടാനായി ഇന്ത്യ വിട്ട് സിറിയയിലേക്കുള്ള യാത്രാമധ്യേ അഫ്ഘാനിസ്ഥാനിൽ ജയിലിലാകുന്നു. ആ പെൺകുട്ടി സ്വന്തം അനുഭവങ്ങൾ പങ്കുവെക്കുന്ന രൂപത്തിലാണ് കഥയിലെ സംഭവങ്ങൾ അനാവരണം ചെയ്യപ്പെടുന്നത്. മനുഷ്യത്വമുള്ള ആരെയും ഞെട്ടിപ്പിക്കുന്ന വിധത്തിലാണ് ശാലിനി-ഫാത്തിമ-യുടെ അനുഭവങ്ങൾ അഭ്രപാളികളിൽ വിടരുന്നത്.

ഈ ചലച്ചിത്രത്തിന്റെ ഒരു സമഗ്ര അവലോകനമല്ല ഈ കുറിപ്പിന്റെ ലക്ഷ്യം. ഈ ചിത്രത്തെപ്പറ്റി അതിന്റെ ശില്പികൾ ഉന്നയിച്ചിട്ടുള്ള അവകാശവാദങ്ങൾ പരിശോധിച്ച്, യഥാർത്ഥത്തിൽ ഈ ചിത്രം പ്രസ്തുത അവകാശവാദങ്ങളെ സാധൂകരിക്കുന്നുണ്ടോ എന്ന് വിലയിരുത്തുകയാണ് മുഖ്യമായും ഉദ്ദേശിക്കപ്പെടുന്നത്.

"ദ കേരള സ്റ്റോറി" നിർമ്മിക്കുന്നതിന് മുമ്പ് ഇതിന്റെ സംവിധായകനായ ശ്രീ. സുദീപ് തോസെൻ 2018 ൽ International conspiracy എന്ന ഒരു ഡോക്യുമെന്ററി ചെയ്തിരുന്നു. അതിൽ സംവിധായകൻ അവകാശപ്പെട്ടത് കേരളത്തിൽ നിന്നും 32000 (മുപ്പത്തിരണ്ടായിരം) യുവതികൾ മതപരിവർത്തനത്തിന് ഇരകളായി ഇറാക്ക്, സിറിയ തുടങ്ങിയ ഇസ്ലാമിക രാജ്യങ്ങളിലേക്ക് അയക്കപ്പെട്ടിട്ടുണ്ട് എന്നാണ്. അയാളുടെ കണക്കിന്റെ നിജസ്ഥിതി പരിശോധിക്കപ്പെട്ടു. അത് തെറ്റാണെന്ന് വ്യക്തമായി. ഇന്ത്യാ ഗവൺമെന്റിന്റെ കണക്കനുസരിച്ച് ഇസ്ലാമിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടവരുടെ എണ്ണം നൂറിനും ഇരുന്നൂറിനും ഇടയിലാണ്. സ്വന്തം അവകാശവാദം തെളിയിക്കുവാൻ പലരും സെന്നിനെ വെല്ലുവിളിച്ചു. യാതൊരു സങ്കോചവുമില്ലാതെ 32000 എന്ന സംഖ്യ അയാൾ തിരുത്തി മൂന്നാക്കി കുറച്ചു എന്ന് അന്ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു.

ദ കേരള സ്റ്റോറിയുടെ പ്രീസെൻസേർഡ് കോപ്പിയിൽ നിന്ന് അടിസ്ഥാനരഹിതമായ വിവരങ്ങൾ ഉൾക്കൊണ്ടിരുന്ന പല ഭാഗങ്ങളും ലൈംഗീകപീഡനങ്ങളുടെ പ്രകോപനപരമായ പല രംഗങ്ങളും നീക്കം ചെയ്യാൻ സംവിധായകൻ നിർബ്ബന്ധിതനായി. ഇതിൽ നിന്നെല്ലാം വ്യക്തമാകുന്നത്, ഈ ചിത്രത്തിന്റെ പ്രധാന ശില്പികളുടെ, അടിസ്ഥാന സത്യസന്ധതയും കലയുടെ ധാർമ്മികതയോടുള്ള പ്രതിബദ്ധതയും സംശയാസ്പദമാണ് എന്നാണല്ലോ. പ്രതിഭാശാലികളായ കലാകാരന്മാർ എന്തുകൊണ്ട് ഇവ്വിധം പ്രവർത്തിക്കാൻ സന്നദ്ധരാകുന്നു എന്ന ചോദ്യം സ്വാഭാവികമായും ഉയർന്നുവരാം.

കേരളം ഇസ്ലാമിക തീവ്രവാദികളുടെ വിഹാരമേഖലയായി ത്തീർന്നിരിക്കുന്നു എന്നും ഇവിടെ നിന്നും ധാരാളം ഹിന്ദു-ക്രിസ്ത്യൻ യുവതികളെ മതം മാറ്റി മുസ്ലീമാക്കി ഇറാഖിലും സിറിയയിലും കൊണ്ടുപോയി IS ചാവേറുകളാക്കി മാറ്റുന്നു എന്നും ആരോപിച്ചത് ഹിന്ദുത്വ സംഘടനകളുടെ വക്താക്കളാണ്. ഇതിനെ അവർ "ലൗ ജിഹാദ്" എന്ന് വിശേഷിപ്പിച്ചു. സ്വന്തം സംഘടനാ സംവിധാനവും മാധ്യമ സ്വാധീനവും ഫലപ്രദമായി ഉപയോഗിച്ച് ഹിന്ദുത്വവാദികൾ ഈ ആരോപണം അഖിലേന്ത്യാതലത്തിൽ ചർച്ചയാക്കി. തങ്ങളുടെ സഭയിലെ ഏതാനും പെൺകുട്ടികൾ മുസ്ലീം ചെറുപ്പക്കാരെ പ്രണയിച്ച് വിവാഹം ചെയ്തതിൽ അസ്വസ്ഥരും, പ്രകോപിതരുമായിരുന്ന ചില ക്രിസ്ത്യൻ പുരോഹിതന്മാർ കേരളത്തിൽ "ലൗ ജിഹാദ്" ഉണ്ടെന്നും, സഭാംഗങ്ങളുടെ ലൗ ജിഹാദിസ്റ്റുകൾക്കെതിരെ സംഘടിക്കണമെന്നും ആഹ്വാനം ചെയ്തു. തക്കം പാർത്തിരുന്ന സംഘപരിവാറുകാർ സഭയ്ക്കും വൈദികർക്കും സംരക്ഷണം വാഗ്ദാനം ചെയ്ത് അരമനകൾ കയറിയിറങ്ങാൻ തുടങ്ങി. കേരളത്തിൽ ലൗജിഹാദ് ഇല്ല എന്ന് 2020 ഫെബ്രുവരി 4-ാം തീയതി കേന്ദ്ര ആഭ്യന്തര വകുപ്പ് സഹമന്ത്രി പാർലമെന്റിൽ രേഖാമൂലം വ്യക്തമാക്കി എങ്കിലും, സഭാനേതാക്കളും സംഘപരിവാറുകാരും അതു കണ്ടില്ലെന്നു നടിച്ചു ഫലമോ? ഇന്ത്യയിലെ ന്യൂനപക്ഷമതവിഭാഗങ്ങളായ മുസ്ലീങ്ങളും ക്രിസ്ത്യാനികളും തമ്മിലുണ്ടായിരുന്ന ബന്ധ

ത്തിൽ വിള്ളലുണ്ടായി. അവർ പരസ്പരം അവിശ്വസിക്കാനും അകലാനും തുടങ്ങി.

ഈ പശ്ചാത്തലത്തിലാണ് 'ദ കേരള സ്റ്റോറി' നിർമ്മിക്കപ്പെട്ടത് എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. കാരണം ഈ ചലച്ചിത്രത്തിന്റെ രാഷ്ട്രീയത്തിലേക്കാണ് അത് വിരൽ ചൂണ്ടുന്നത്. 2023-ലെ കർണ്ണാടക അസംബ്ലി തെരഞ്ഞെടുപ്പിൽ സംഘപരിവാറുകാർ ഈ സിനിമ ഉപയോഗിച്ച് ന്യൂനപക്ഷങ്ങളായ മുസ്ലീം-ക്രിസ്ത്യൻ വിഭാഗങ്ങൾക്കിടയിൽ സംഘർഷമുണ്ടാക്കി രാഷ്ട്രീയ മുതലെടുപ്പ് നടത്താൻ ശ്രമിച്ചുനോക്കി എന്ന വസ്തുതയും ഈ സിനിമയുടെ രാഷ്ട്രീയം വെളിപ്പെടുത്തിത്തരുന്നു.

പ്രസ്പഷ്ടമായ മുസ്ലീം സാന്നിധ്യമുള്ള പ്രദേശങ്ങളിലെ കൗമാരക്കാരായ ഹിന്ദു-ക്രിസ്ത്യൻ പെൺകുട്ടികൾക്ക് പ്രണയത്തിലെ-പ്രത്യേകിച്ചും മുസ്ലീം യുവാക്കളുമായുള്ള പ്രണയത്തിലെ ചതിക്കുഴികളെകുറിച്ച് അറിവ് നല്കി, വലിയ അപകടങ്ങളിൽപെടാതെ അവരെ സംരക്ഷിക്കുകയാണ് ഈ സിനിമയുടെ മുഖ്യഉദ്ദേശം എന്നാണ് അതിന്റെ അണിയറ ശില്പികൾ അവകാശപ്പെട്ടത്. ഇതുവഴി ഇസ്ലാമിക തീവ്രവാദ സംഘടനകളുടെ ഇരകളായിത്തീരാനിടയുള്ള ഹിന്ദു-ക്രിസ്ത്യൻ വിഭാഗങ്ങളുടെ താല്പര്യമാണ് ഈ സിനിമ സംരക്ഷിക്കുന്നത് എന്നും അവർ അവകാശപ്പെടുന്നു.

വേണ്ടത്ര ശ്രദ്ധയും കരുതലുമില്ലാതെ പ്രണയത്തിൽ അകപ്പെട്ടാൽ സംഭവിക്കാവുന്ന അപകടങ്ങളെ അതിഭാവുകത്വത്തോടെ അവതരിപ്പിക്കുന്നുണ്ട് ഈ സിനിമയിൽ. എന്നാൽ പ്രണയത്തിൽ കരുതലുള്ളവരായിരിക്കണം എന്ന പോസിറ്റീവായ സന്ദേശമാവില്ല ഈ സിനിമ കണ്ടു കഴിയുമ്പോൾ കുട്ടികൾ ഉൾക്കൊള്ളുന്നത്. കാരണം അതിനല്ല ഈ സിനിമ ഊന്നൽ നല്കുന്നത്. മറിച്ച്, നിഷ്കളങ്കരായ യുവതികളെ വഞ്ചിച്ച കാമുകന്മാരുടെ മതമായ ഇസ്ലാമിനോടും, മുസ്ലീങ്ങളോടും പൊതുവിൽ വെറുപ്പും, ഭയവും, പകയും സൃഷ്ടിക്കുംവിധമാണ് ഈ സിനിമ സംവിധാനം ചെയ്യപ്പെട്ടിട്ടുള്ളത്. നീതിക്കുവേണ്ടി ശബ്ദിക്കുന്ന, മനുഷ്യത്വമുള്ള ഒരു മുസ്ലീം കഥാപാത്രത്തെപ്പോലും ഈ സിനിമയിൽ അവതരിപ്പിക്കുന്നില്ല എന്ന കാര്യം എടുത്തുകാട്ടേണ്ടതുണ്ട്. വാസ്തവത്തിൽ മുസ്ലീം വിദ്വേഷം ജനിപ്പിക്കുകയും ഉറപ്പിക്കുകയുമാണ് ഈ സിനിമ ലക്ഷ്യം വെയ്ക്കുന്നത് എന്ന വിലയിരുത്തലിനോട് യോജിക്കാതിരിക്കാനാവില്ല. പ്രസ്തുത ലക്ഷ്യം നേടുന്നതിലാവട്ടെ ഒരു ദൃശ്യകലാരൂപമെന്ന നിലയിൽ ഈ സംരംഭം വിജയിച്ചിരിക്കുന്നു എന്നാണ് പല പ്രതികരണങ്ങളും സൂചിപ്പിക്കുന്നത്. ചില ക്രൈസ്തവ വിഭാഗങ്ങളുടെ, പ്രത്യേകിച്ചും കത്തോലിക്കാസഭയിലെ ഒരു ന്യൂനപക്ഷത്തിന്റെ വൈകാരികമായ പ്രതികരണങ്ങൾ ഉദാഹരണമായി എടുത്തുകാട്ടാവുന്നതാണ്.

ക്രിസ്ത്യൻ പെൺകുട്ടികൾ സഭയുടെ പ്രബോധനങ്ങളും, മാർഗ്ഗദർശനവും അവഗണിച്ചും വിലക്കുകൾ നിർഭയം ലംഘിച്ചും അന്യമതങ്ങളിൽപ്പെട്ട യുവാക്കളോടൊപ്പം ഒളിച്ചോടുകയോ, മതം മാറി അവരെ വിവാഹം ചെയ്യുകയോ ചെയ്യുന്നുണ്ടെങ്കിൽ സഭകൾ കുട്ടികൾക്കു നൽകുന്ന മതബോധനത്തിന്റെ നിഷ്ഫലതയല്ലാതെ മറ്റെന്താണ് അത് വ്യക്തമാക്കുന്നത്? സ്വന്തം പരാജയം മറച്ചുവെക്കാൻ അന്യമതസ്ഥരെ കുറ്റപ്പെടുത്താതെ സ്വയം തിരുത്തുകയാണ് ബന്ധപ്പെട്ടവർ ചെയ്യേണ്ടത്. വേദപുസ്തകം ഉപയോഗിച്ചിട്ട്ഫലിക്കാതെ വരുമ്പോൾ എന്നാൽ ഇനി "ദ കേരള സ്റ്റോറി" പരീക്ഷിക്കാം എന്നു കരുതുന്ന മൗഢ്യത്തെപ്പറ്റി എന്തു പറയാനാണ്.

വ്യത്യസ്തമതസമുദായങ്ങൾക്കിടയിൽ വിദ്വേഷവും, വിഭജനവും ഉണ്ടാക്കാനിടയുള്ള ഒരു നടപടികളിലും ഏർപ്പെടാതിരിക്കുകയാണ് ശരിയായ മതബോധമുള്ളവർ ചെയ്യേണ്ടത്. പ്രത്യേകിച്ചും നമ്മുടെ രാഷ്ട്രം ഒരു ജനാധിപത്യ-മതേതര റിപ്പബ്ലിക്കായി തുടർന്നും നിലനില്ക്കണമോ എന്നു നിർണ്ണയിക്കുന്ന ജീവൽപ്രധാനമായ ഒരു തിരഞ്ഞെടുപ്പിനെ നേരിടുന്ന ഈ ചരിത്രസന്ദർഭത്തിൽ.

---

*2-ാം പേജ് തുടർച്ച*

ചുറ്റുപാടുകളുമായുള്ള നിരന്തര സംവാദത്തിൽ നിന്ന് ഉയർന്ന ആദ്ധ്യാത്മികതക്കേ നിലനിൽപ്പുള്ളൂ. യേശു തന്റെ മനുഷ്യാവതാര ലക്ഷ്യത്തെ അനാവരണം ചെയ്തത് തന്റെ ജീവിത പരിസരവുമായി നിരന്തരം കലഹിച്ചും തർക്കിച്ചും തിരുത്തിയും പഠിപ്പിച്ചും എല്ലാം ആണെന്ന് ഓർക്കണം. അതുകൊണ്ടാണ് ദൈവത്തിന്റെ മനുഷ്യാവതാരം മനുഷ്യചരിത്രത്തിലെ സമഗ്രമായ ഇടപെടൽ ആയത്. ഇതു തന്നെയാണ് നമ്മിൽ നിന്നും ആഗ്രഹിക്കുന്നത്. നമ്മുടെ കൊച്ചു മക്കളെ കുറഞ്ഞത് ആറ് ദിവസം മുഴുവനും നമ്മുടെ കയ്യിൽ കിട്ടുന്ന VBS ദിനങ്ങൾ അസുലഭമാണ്. അപ്പോൾ നാം എന്തു ചെയ്യും, കുറച്ച് കളിയും ചിരിയും പാട്ടും ഒക്കെയായി അങ്ങ് അടിച്ചുപൊളിക്കും. അത്രതന്നെ, അതു മതിയോ എന്നാണ് നമ്മെ തുറിച്ചുനോക്കി ചോദിക്കുന്നത്.

***ചീഫ് എഡിറ്റർ***

# കാര്യസ്ഥന്റെ ബുദ്ധി എന്നാണു നമുക്കുണ്ടാകുക?

ഫാ. ഷാജി കരിംപ്ലാനിൽ

**അ**നേകം വ്യാഖ്യാനങ്ങൾക്കു വഴിവച്ച ഉപമയാണ് അവിശ്വസ്തനായ കാര്യസ്ഥന്റെ ഉപമ (ലൂക്കാ. 16:1–13). ഉപമയുടെ ചില വ്യാഖ്യാനങ്ങൾക്കിടയിൽ വലിയ വ്യത്യാസങ്ങളും നമുക്കു കാണാനാകും. 16:1–7 ലാണല്ലോ ഉപമ നാം വായിക്കുന്നത്. ഉപമയുടെ അവസാനം എന്തു സംഭവിച്ചുവെന്ന് യേശു പറഞ്ഞുതരികയാണ് 8–ാം വാക്യത്തിലെ ആദ്യ ഭാഗത്ത്. (‘‘കൗശലപൂർവം പ്രവർത്തിച്ചതിനാൽ നീതിരഹിതനായ കാര്യസ്ഥനെ യജമാനൻ പ്രശംസിച്ചു’’ ലൂക്കാ 16:8a). ഉപമയ്ക്കു പുറത്തു പറയപ്പെട്ട കാര്യമാണിത്. അതായത്, ഉപമയ്ക്കകത്ത് കാര്യസ്ഥന്റെ അനീതിക്കാണ് ഊന്നലെങ്കിൽ, ഉപമയ്ക്കു പുറത്ത് അയാളുടെ ബുദ്ധിവൈഭവത്തിനാണ് ഊന്നൽ. അങ്ങനെ കാര്യസ്ഥന്റെ അവിശ്വസ്തതയിൽ നിന്ന് അയാളുടെ വിവേകത്തിലേക്ക് ഉപമയുടെ ഫോക്കസ് തിരിച്ചുവിടുകയാണ് ലൂക്കാ 16:8a. തുടർന്ന്, വെളിച്ചത്തിന്റെ മക്കളോട് കാര്യസ്ഥന്റെ ബുദ്ധി കണ്ടുപഠിക്കാൻ പറയുമ്പോഴും കാര്യസ്ഥന്റെ അവിശ്വസ്തതയല്ല, അയാളുടെ ബുദ്ധിയാണ് ഉപമയുടെ കേന്ദ്രപ്രമേയം എന്നതു വ്യക്തം (‘‘ഈ യുഗത്തിന്റെ മക്കൾ തങ്ങളുടെ തലമുറയിൽ വെളിച്ചത്തിന്റെ മക്കളെക്കാൾ ബുദ്ധിശാലികളാണ്’’ ലൂക്കാ. 16:8b). അപ്പോൾ ‘അവിശ്വസ്തനായ കാര്യസ്ഥൻ’ എന്നതിനേക്കാൾ ‘ബുദ്ധിയുള്ള കാര്യസ്ഥൻ’ എന്നതാകും ഉപമയ്ക്ക് ഉചിതമായ തലക്കെട്ട്. (ആനുഷംഗികമായി സൂചിപ്പിക്കട്ടെ, വിവിധ അധ്യായങ്ങളായി ബൈബി ളിനെ വിഭജിച്ചത് 13-ാം നൂറ്റാണ്ടിൽ കാന്റർബറി ആർച്ച്ബിഷപ് സ്റ്റീഫൻ ലാങ്റ്റൺ ആണ്. വാക്യങ്ങൾക്കു സംഖ്യകൾ നൽകപ്പെട്ടത് 16–ാം നൂറ്റാണ്ടിലുമാണ്. ഓരോ പാസേജിനുമുള്ള തലക്കെട്ടുകൾ അതിനുംശേഷം ഓരോരോ പരിഭാഷകർ പിന്നീടു നൽകിയതാണ്. അവയൊന്നും ബിബ്ലിക്കൽ ടെക്സ്റ്റിന്റെ അവിഭാജ്യ ഭാഗമല്ല.)

ഉപമയിലെ കാര്യസ്ഥൻ അവിശ്വസ്തനാണെന്നതിനെക്കുറിച്ച് രണ്ടഭിപ്രായമില്ല. ഉപമയുടെ 1–ാം വാക്യത്തിലും 8–ാം വാക്യത്തിലും അങ്ങനെതന്നെയാണ് അയാളെക്കുറിച്ചു പറയുന്നത്. യജമാനനിൽ നിന്നു നൂറു ബത്ത എണ്ണ കടം വാങ്ങിയവനോടു കാര്യസ്ഥൻ പറയുന്നത് ‘‘ഇതാ, നിന്റെ പ്രമാണം, എടുത്ത് അമ്പതു ബത്ത എന്നു തിരുത്തിയെഴു തുക”(16:6) എന്നാണ്. ഇംഗ്ലീഷിൽ നാം ഇങ്ങനെ വായിക്കുന്നു: ""Take your bill, sit down quickly, and make it fifty" (NRSV). പ്രമാണം വേഗം തിരുത്താൻ പറയുന്നത് കള്ളത്തരമാണു ചെയ്യുന്നതെന്ന സൂചന വായനക്കാരനു നൽകാൻ തന്നെയാണ്.

എങ്കിലും തുടർന്നുവരുന്ന ഭാഗത്തു (16:8–13) കാര്യസ്ഥന്റെ അധർമത്തെക്കുറിച്ച് ഒരു ചെറിയ പരാമർശം പോലുമില്ല. ഈ വാക്യങ്ങളാകട്ടെ, ഉപമയോട് (16:1–7) അഭേദ്യമായി ബന്ധപ്പെട്ടു കിടക്കുന്നവയാണ്. ഉപമയിലെ 4–ാം വാക്യവും ഉപമയുടെ വെളിയിലുള്ള 9–ാം വാക്യവും എത്ര സമാനമാണെന്നു നോക്കുക: “എന്നാൽ, യജമാനൻ കാര്യസ്ഥത എന്നിൽ നിന്ന് എടുത്തു കളയുമ്പോൾ ആളുകൾ തങ്ങളുടെ വീടുകളിൽ എന്നെ സ്വീകരിക്കേണ്ടതിന് എന്തു ചെയ്യണമെന്ന് എനിക്കറിയാം’’ (16:4). “ഞാൻ നിങ്ങളോടു പറയുന്നു. അധാർമ്മിക സമ്പത്തുകൊണ്ട് നിങ്ങൾക്കായി സ്നേഹിതരെ സമ്പാദിച്ചുകൊള്ളുവിൻ. അതു നിങ്ങളെ കൈവെടിയുമ്പോൾ അവർ നിങ്ങളെ നിത്യകൂടാരങ്ങളിൽ സ്വീകരിക്കും” (16:9). ആദ്യത്തെ വാക്യം വീട്ടിൽ സ്വീകരിക്കുന്നതിനെക്കുറിച്ചും രണ്ടാമത്തേതു കൂടാരത്തിൽ സ്വീകരിക്കുന്നതിനെക്കുറിച്ചുമാണല്ലോ. 4–ാം വാക്യവും 9–ാം വാക്യവും ഉപമയെയും (16:1–7) ഉപമയ്ക്കു ശേഷമുള്ള ഭാഗത്തെയും (16:8 –13) ഒരു കൊളുത്തിട്ടു ബന്ധിപ്പിച്ചതുപോലെ ഒന്നാക്കി നിർത്തുന്നു. 9–ാം വാക്യത്തിൽ കാണുന്ന ‘അധാർമ്മിക സമ്പത്ത്’ എന്ന പ്രയോഗം അതേപടി 11–ാം വാക്യത്തിലുമുണ്ട്. കാര്യസ്ഥൻ, ഭൃത്യൻ, ധനം എന്നീ പ്രധാനപ്പെട്ട വാക്കുകൾ പലയാവർത്തി 16:1–13 ൽ വരുന്നുണ്ട്. ഇവ കൊളുത്തുകൾ പോലെ വർത്തിക്കുന്നതായി മനസ്സിലാക്കിയാൽ, 16:1–13 നെ ഒരൊറ്റ പാസേജായിട്ടാണ് നാം വായിക്കേണ്ടതെന്നു ലൂക്കാ ആഗ്രഹിക്കുന്നതായി നമുക്കു കാണാം. അതുകൊണ്ടുതന്നെ, ദുർഗ്രഹമായ ഈ ഉപമ കൊണ്ട് യേശു ഉദ്ദേശിച്ചതെന്തെന്നു ഗ്രഹിക്കാൻ നമുക്ക് ആശ്രയിക്കാവുന്നത് ഉപമയ്ക്കുശേഷമുള്ള ഭാഗം ഉപമയെ അധികരിച്ച് എന്തു പറയുന്നു എന്നതുതന്നെയാണ്.

കാര്യസ്ഥന്റെ അവിശ്വസ്തത നിമിത്തം അയാളെ യജമാനൻ ജോലിയിൽനിന്നു പിരിച്ചുവിട്ടുകഴി

യുമ്പോൾ, കിളയ്ക്കാൻ കഴിവും പിച്ചയെടുക്കാൻ അഭിമാനവും അനുവദിക്കാത്ത (16:3)അയാൾ തനിക്ക് ആശ്രയിക്കാവുന്ന സുഹൃത്തുക്കളെ സൃഷ്ടിക്കാൻ നോക്കുകയാണ്. അതു ലാക്കാക്കി അയാൾ കടക്കാരുടെ കടം ഇളച്ചുകൊടുക്കുന്നു. നൂറു ബത്ത (3400 ലിറ്റർ = 3 വർഷത്തെ പണിക്കൂലി) എണ്ണ കടമുള്ളവന്റേത് അൻപതു ബത്ത എന്നു പ്രമാണപത്രത്തിൽ തിരുത്തുന്നു. നൂറു കോർ (100 ഏക്കറിൽ നിന്നു ശരാശരി പ്രതിവർഷം കിട്ടുന്ന ഗോതമ്പിന്റെ അളവ് = 7.5 വർഷത്തെ പണിക്കൂലി) ഗോതമ്പ് കടമുള്ളവന്റേത് എൺപതു കോർ എന്നും തിരുത്തുന്നു.

എന്നാൽ യേശു, ഉപമയിലെ യജമാനനെക്കൊണ്ട് കാര്യസ്ഥനെ പ്രശംസിപ്പിക്കുകയാണ് (16:8; കഥ പറയുന്നയാളാണല്ലോ കഥാപാത്രം എന്തു ചെയ്യണമെന്നു തീരുമാനിക്കുന്നത്). തുടർന്ന് പ്രകാശത്തിന്റെ മക്കളായ തന്റെ ശിഷ്യരോട് (ഈ ഉപമയുടെ കേൾവിക്കാർ ശിഷ്യരാണെന്ന് 16:1 ലുണ്ട്) കാര്യസ്ഥന്റെ ബുദ്ധി കണ്ടു പഠിക്കാൻ ആവശ്യപ്പെ ടുകയാണ്. മക്കൾക്കു നല്ലതു കൊടുക്കാൻ ദുഷ്ടരായ അപ്പന്മാർക്ക് അറിയാമെങ്കിൽ, തന്റെ മക്കൾക്കു നല്ലതു ചെയ്തു കൊടുക്കണമെന്ന് നല്ലവനായ ദൈവത്തിന് എത്ര കൂടുതൽ അറിയാമായിരിക്കുമെന്ന് മത്തായി 7:11. വിധവയ്ക്കു നീതിരഹിതനായ ന്യായാധിപൻ ന്യായം നടത്തിക്കൊടുക്കുമെങ്കിൽ, നീതിമാനായ ദൈവം അതിലും എത്രയോ കൂടുതൽ ന്യായം നടത്തിക്കൊടുക്കുമെന്ന് ലൂക്കാ. 18:1-8. ഉറങ്ങിക്കിടക്കുന്ന സുഹൃത്ത് രാത്രിയിൽ ശല്യപ്പെടുത്തിയവനെ സഹായിക്കുമെങ്കിൽ, ഒരിക്കലും ഉറ ങ്ങാത്ത ദൈവം എത്രമാത്രം നമ്മെ സഹായിക്കുമെന്ന് ലൂക്കാ. 11:5-8. ഇതേ രീതിയിലാണു നമ്മുടെ ഉപമയും വായിക്കപ്പെടേണ്ടത്. ഈ ലോകത്തിന്റെ അധർമ്മങ്ങളിൽ മുഴുകുന്ന ഒരു കാര്യസ്ഥൻ നാളേയ്ക്കുവേണ്ടി തയ്യാറെടുക്കുന്നത് എത്ര ബുദ്ധിപൂർവ്വമാണെന്നു നിങ്ങൾ മനസ്സിലാക്കുന്നില്ലേ? എങ്കിൽ അതിലും എത്രയോ അവധാനതയോടെയാണു നിങ്ങൾ നാളേയ്ക്കുവേണ്ടി (നിത്യജീവനുവേണ്ടി) തയ്യാറെടുക്കേണ്ടത്!

ഈ ഉപമയുടെ പാഠം പ്രയോഗത്തിൽ എങ്ങനെ കൊണ്ടുവരണമെന്നാണ് 16:9-13 വരെയുള്ള വാക്യങ്ങൾ നമുക്കു പറഞ്ഞു തരുന്നത്. അധാർമ്മിക സമ്പത്തു കൊണ്ട് സുഹൃത്തുക്കളെ സമ്പാദിക്കണമെന്നും, അധാർമിക സമ്പത്തിന്റെ കാര്യത്തിൽ നിങ്ങൾ വിശ്വസ്തതയോടെ പെരുമാറിയില്ലെങ്കിൽ യഥാർഥ സമ്പത്ത് നിങ്ങളെ ആര് ഏൽപിക്കുമെന്നും ധനത്തെ ആരാധിക്കുന്നവർക്കു ദൈവത്തെ ആരാ ധിക്കാനാകില്ലെന്നും ഒക്കെ പ്രസ്തുത ഭാഗത്തു പറയുമ്പോൾ ധനത്തോടുള്ള ശിഷ്യരുടെ മനോ ഭാവമെന്തായിരിക്കണം എന്നതാണു ഉപമയുടെ വിവക്ഷയെന്നതു വ്യക്തം.

കാര്യസ്ഥൻ പണമുപയോഗിച്ച് സുഹൃത്തുക്കളെ നേടുകയാണു ചെയ്തത്. ശിഷ്യരും അതു തന്നെ ചെയ്യണമത്രേ! വ്യത്യാസം ഇതാണ്: കാര്യസ്ഥൻ ഇവിടുത്തെ സുഖത്തിനു വേണ്ടി അത് ചെയ്യുമ്പോൾ, ശിഷ്യർ അതു ചെയ്യുന്നതു നിത്യജീവനു വേണ്ടിയാണ്. ലൂക്കാ 12:33 ൽ ഇതേ കാര്യമാണു നാം വായിക്കുന്നത്: ''നിങ്ങളുടെ സമ്പത്തു വിറ്റ് ദാനം ചെയ്യുവിൻ. പഴകിപ്പോകാത്ത പണസഞ്ചി കൾ കരുതിവയ്ക്കുവിൻ. ഒടുങ്ങാത്ത നിക്ഷേപം സ്വർഗത്തിൽ സംഭരിച്ചുവയ്ക്കുവിൻ. അവിടെ കള്ളന്മാർ കടന്നുവരുകയോ ചിതൽ നശിപ്പിക്കുകയോ ഇല്ല".

ഒരു പ്രധാന പ്രശ്നം 16:9 ലും 16:11 ലും കാണുന്ന 'അധാർമ്മിക സമ്പത്ത്' എന്ന പ്രയോഗത്തിന്റെ അർത്ഥം എന്തെന്നതാണ്. തിന്മയിലേക്കു നയിക്കുന്ന ഒന്നാണു സമ്പത്തെന്നു വേദഗ്രന്ഥത്തിൽ പലയിടങ്ങളിലും പരാമർശമുണ്ട്. ദൈവത്തിനു നേർവിപരീതമായി ധനത്തെയാണു ലൂക്കാ 16:13 കാണുന്നത്. ദ്രവ്യാസക്തി വിഗ്രഹാരാധന തന്നെയെന്നു കൊളോസൂസ് 3:5. പണത്തോടുള്ള മോഹമാണു സകല തിന്മകളുടെയും ഉറവിടമെന്നു 1. തിമോത്തി 6:10. "സമ്പത്തുള്ളവർ ദൈവരാജ്യത്തിൽ പ്രവേശിക്കുന്നത് എത്ര ദുഷ്കരം! ധനികൻ ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതിനെക്കാൾ എളുപ്പം ഒട്ടകം സൂചിക്കുഴയിലൂടെ കടന്നുപോകുന്നതാണ്'' എന്ന് ലൂക്കാ 18:24-25. ''നിസ്സാരലാഭത്തിനുവേണ്ടി പാപം ചെയ്തിട്ടുള്ളവർ ഏറെയുണ്ട്. ദ്രവ്യാഗ്രഹി പലതും കണ്ടില്ലെന്നു നടിക്കുന്നു" എന്ന് പ്രഭാഷകൻ 27:1. ചുരുക്കത്തിൽ, ഇന്നു നമ്മൾ കാമത്തെ പൊതുവേ പാപകരമെന്നു കരുതുന്നതു പോലെയാണ് അക്കാലത്ത് സമ്പത്തും അധർമ്മവും ഇരട്ടപെറ്റ കുഞ്ഞുങ്ങളെന്നു കരുതപ്പെട്ടത്. ഒരാൾ പാപം ചെയ്തുവെന്നു പറഞ്ഞാൽ നാം പൊതുവെ മനസ്സിലാക്കുന്നത് അയാൾ കാമപൂർത്തി വരുത്തി എന്നാണല്ലോ. സമാനമായ രീതിയിൽ, സമ്പത്ത് ഒരുവനെ അധർമ്മത്തിലേയ്ക്കു ചായ്ക്കുന്നുവെന്ന് യേശുവിന്റെ കാലത്തു പൊതുവെ കരുതപ്പെട്ടിരുന്നു. അതുകൊണ്ടാകണം, 'അധാർമ്മിക സമ്പത്ത്' എന്ന പ്രയോഗം ലൂക്കാ. 16:9 ൽ ഉപയോഗിക്കപ്പെട്ടത്. മറ്റൊരു കാര്യം 16:11 ൽ 'അധാർമ്മിക സമ്പത്തി'നു നേർവിപരീതമായി 'യഥാർഥ ധനം' എന്ന പ്രയോഗം നാം കാണുന്നു. ലൂക്കാ. 12:33 ൽ സമ്പത്തു വിറ്റ് സ്വർഗ്ഗത്തിൽ ഒടുങ്ങാത്ത നിക്ഷേപം സംഭരിക്കാൻ ആവശ്യപ്പെട്ടതു നാം മുൻപു കണ്ടല്ലോ. 16:11 ഉം 12:33 ഉം താരതമ്യം ചെയ്താ ൽ, 16:11

ലെ യഥാർഥ ധനമെന്നത് 12:33 ലെ സ്വർഗ്ഗത്തിലെ നിക്ഷേപമാണ് (നിത്യജീവൻ) എന്നു നമുക്കു മനസ്സിലാക്കാം. ഒപ്പം, 16:11 ലെ അധാർമ്മിക സമ്പത്ത്, 12:33 ലെ പങ്കുവയ്ക്കപ്പെടേണ്ട ധനമാണെന്നതും വ്യക്തമാണല്ലോ. ഇത്തരം പരിഗണനകളിൽനിന്നു നമുക്കു വ്യക്തമാകുന്നത്, 'അധാർമ്മിക സമ്പത്ത്' എന്നുവെച്ചാൽ 'അധാർമ്മിക മാർഗ്ഗങ്ങളിലൂടെ കൈക്കലാക്കിയ സമ്പത്ത്' എന്നല്ല, പിന്നെയോ 'പങ്കുവയ്ക്കപ്പെടാത്ത സമ്പത്ത്' എന്നാണ്. (ധനവാന്റെയും ലാസറിന്റെയും ഉപമയിൽ പങ്കുവയ്ക്കപ്പെടാത്ത സമ്പത്താണല്ലോ ധനവാന് നരകം നൽകുന്നത്. അങ്ങനെയെങ്കിൽ, പങ്കുവയ്ക്കപ്പെടാത്ത ഏതു സമ്പത്തും അധാർമ്മിക സമ്പത്താണ് എന്നു വരുന്നു.) അപ്പോൾ, ഏതു മാർഗ്ഗത്തിലൂടെയും കൈക്കലാക്കിയ പണം കൊണ്ട് ദാനധർമ്മം ചെയ്താൽ പുണ്യം കിട്ടുമെന്നല്ല, പിന്നെ യോ നിങ്ങളുടെ സമ്പത്ത് നിങ്ങളുടേതു മാത്രമല്ലെന്നും അത് മറ്റുള്ളവരുമായി പങ്കുവയ്ക്കപ്പെടേണ്ടതാണ് എന്നുമാണ് ഉപമയുടെ പാഠം. "ഭൂമിയിൽ നിക്ഷേപം കരുതിവയ്ക്കരുത്. തുരുമ്പും കീടങ്ങളും അവ നശിപ്പിക്കും; കള്ളന്മാർ തുരന്നു മോഷ്ടിക്കും. എന്നാൽ, സ്വർഗ്ഗത്തിൽ നിങ്ങൾക്കായി നിക്ഷേപങ്ങൾ കരുതിവയ്ക്കുക. അവിടെ തുരുമ്പും കീടങ്ങളും അവ നശിപ്പിക്കുകയില്ല; കള്ളന്മാർ മോഷ്ടിക്കുകയില്ല" എന്നു മത്തായി. 6:19-20 ൽ കാണുന്നത് ലൂക്കായുടെ പാഠത്തോടു കൂട്ടിവയ്ക്കാവുന്നതാണ്.

"ഞാൻ നിങ്ങളോടു പറയുന്നു. അധാർമ്മിക സമ്പത്തുകൊണ്ട് നിങ്ങൾക്കായി സ്നേഹിതരെ സമ്പാദിച്ചുകൊള്ളുവിൻ. അതു നിങ്ങളെ കൈവെടിയുമ്പോൾ അവർ നിങ്ങളെ നിത്യ കൂടാരങ്ങളിൽ സ്വീകരിക്കും" (ലൂക്കാ. 16:9) എന്ന വചന ഭാഗത്തിലെ മിക്ക വാക്കുകളുംതന്നെ വിശദീകരിക്കപ്പെടേണ്ടതുണ്ട്. എപ്പോഴാണു സമ്പത്തു നമ്മളെ കൈവിടുക? മരണത്തിലാണെന്നതു പകൽപോലെ വ്യക്തം. ഭോഷനായ ധനികന്റെ ഉപമയിലും (ലൂക്കാ. 12:20) ധനവാന്റെയും ലാസറിന്റെയും ഉപമയിലും (ലൂക്കാ. 16:22) സമ്പത്ത് ഒരുവനു നഷ്ടപ്പെടുന്നത് മരണത്തോടെയാണല്ലോ.

മരണവേളയിൽ നമ്മെ നിത്യ കൂടാരങ്ങളിൽ സ്വീകരിക്കുന്ന 'അവർ' ആരാണ്? നമ്മുടെ പൊതു ധാരണയും ബൈബിളിൽ ഉടനീളം കാണുന്നതും ദൈവമായിരിക്കും മരണവേളയിൽ നമ്മെ സ്വീകരിക്കുകയോ സ്വീകരിക്കാതിരിക്കുകയോ ചെയ്യുന്നത് എന്നാണല്ലോ. എന്നാൽ, ഈ ദൈവം ദരിദ്രരായ മനുഷ്യരോടു തന്നെത്തന്നെ താദാത്മ്യപ്പെടുത്തുന്നത് മത്തായി 25-ൽ നാം കാണുന്നുണ്ട്. "എനിക്കു വിശന്നു; നിങ്ങൾ ഭക്ഷിക്കാൻ തന്നു. എനിക്കു ദാഹിച്ചു; നിങ്ങൾ കുടിക്കാൻ തന്നു. ഞാൻ പരദേശിയായിരുന്നു; നിങ്ങൾ എന്നെ സ്വീകരിച്ചു." ഇതിനോടു ചേർത്തുവയ്ക്കാവുന്ന സുഭാഷിത വാക്യവുമുണ്ട്: "ദരിദ്രരോടു ദയ കാണിക്കുന്നവൻ കർത്താവിനാണു കടം കൊടുക്കുന്നത്; അവിടുന്ന് ആ കടം വീട്ടും" (സുഭാ. 19:17). അപ്പോൾ, ലൂക്കാ. 16:9 ൽ സൂചിപ്പിക്കുന്ന 'അവർ,' ദൈവമോ, അല്ലെങ്കിൽ ദൈവം ചേർന്നുനിൽക്കുന്ന ദരിദ്രരായ മനുഷ്യരോ ആണെന്ന് ന്യായമായും അനുമാനിക്കാം.

'നിത്യ കൂടാരം' എന്നൊരു പ്രയോഗം സ്വർഗ്ഗത്തെ കുറിക്കുന്നതാണെന്നതു വ്യക്തം. "ഞാൻ അങ്ങയുടെ കൂടാരത്തിൽ എന്നേക്കും വസിക്കട്ടെ! അങ്ങയുടെ ചിറകിൻകീഴിൽ ഞാൻ സുരക്ഷിതനായിരിക്കട്ടെ" എന്നു സങ്കീ. 61:4. "സിംഹാസനത്തിൽ നിന്നു വലിയൊരു സ്വരം ഞാൻ കേട്ടു: ഇതാ, ദൈവത്തിന്റെ കൂടാരം മനുഷ്യരോടുകൂടെ. അവിടുന്ന് അവരോടൊത്തു വസിക്കും" എന്നു വെളിപാട് 21:3. സ്വർഗ്ഗത്തെ കുറിക്കാൻ കൂടാരമെന്ന വാക്ക് ഹെബ്രായർ 8:2 ഉം 9:11 ഉം ഉപയോഗിക്കുന്നുണ്ട്.

ലൂക്കാ 16:9 തുടങ്ങുന്നത് "ഞാൻ നിങ്ങളോടു പറയുന്നു" എന്ന വാക്കുകളോടെയാണല്ലോ. ഏറെ പ്രാധാന്യമുള്ള ഒരു കാര്യം പഠിപ്പിക്കുന്നതിനു തൊട്ടുമുമ്പ് ലൂക്കാ പലയിടങ്ങളിലും ഇതേ പ്രയോഗം ഉപയോഗിച്ചു കാണുന്നുണ്ട്. ലൂക്കാ. 11:8; 12:44;14:24; 15:7,10; 18:8 മുതലായവ ഉദാഹരണങ്ങളാണ്. പരലോക ചിന്ത ഇഹലോകത്തെ നിങ്ങളുടെ ചെയ്തികളെ, പ്രത്യേകിച്ചും സാമ്പത്തിക തീരുമാനങ്ങളെ, സ്വാധീനിക്കണമെന്നാണ് ലൂക്കാ. 16:9 അസന്ദിഗ്ദ്ധമായി പഠിപ്പിക്കുന്നത്. ഉപമയിലെ കാര്യസ്ഥനെപോലെ ബുദ്ധിയുള്ള ഏതൊരാളും നാളേയ്ക്കുവേണ്ടി തയ്യാറെടുക്കുകതന്നെ ചെയ്യും. അത്തരക്കാരെയാണു സുവിശേഷം വിവേകമതികൾ എന്നു വിളിക്കുന്നത്. മണവാളനുവേണ്ടി വിളക്കിൽ ആവശ്യത്തിന് എണ്ണ കരുതിയ കന്യകകളും (മത്താ. 25:1-13) യജമാനൻ എപ്പോൾ വേണമെങ്കിലും വരാമെന്നതിനാൽ ജോലിക്കാർക്കു യഥാസമയത്തു ഭക്ഷണം കൊടുക്കുന്ന കാര്യസ്ഥനും (ലൂക്കാ. 12:42-44) നമ്മുടെ ഉപമയിലെ കാര്യസ്ഥന്റേതുപോലെ ബുദ്ധിയോടെ പ്രവർത്തിക്കുന്നവരാണ്. ഇതേ ബുദ്ധി പ്രകാശത്തിന്റെ മക്കളായ ശിഷ്യർക്കും (ഒപ്പം നമുക്കും) വേണമെന്നതാണ് ഉപമയുടെ പാഠം.

"ആ കാര്യസ്ഥൻ ആത്മഗതം ചെയ്തു: യജമാനൻ കാര്യസ്ഥത എന്നിൽ നിന്ന് എടുത്തുകളയുന്നതിനാൽ ഞാൻ ഇനി എന്തു ചെയ്യും?.... ആളുകൾ തങ്ങളുടെ വീടുകളിൽ എന്നെ സ്വീകരിക്കേണ്ടതിന് എന്തു ചെയ്യണമെന്ന് എനിക്കറിയാം... കൗശലപൂർവം പ്രവർത്തിച്ചതിനാൽ നീതിരഹിതനായ

കാര്യസ്ഥനെ യജമാനൻ പ്രശം സിച്ചു" (ലൂക്കാ. 16:3,4,8). ഇതേ രീതിയിലുള്ള ചോദ്യങ്ങളും ഉത്തര ങ്ങളും ലൂക്കായിൽ നമ്മൾ വേറെ യും കാണുന്നുണ്ട്. "ജനക്കൂട്ടം അവനോടു ചോദിച്ചു: ഞങ്ങൾ എന്താണു ചെയ്യേണ്ടത്? അവൻ പറഞ്ഞു: രണ്ടുടുപ്പുള്ളവൻ ഒന്ന് ഇല്ലാത്തവനു കൊടുക്കട്ടെ. ഭക്ഷ ണം ഉള്ളവനും അങ്ങനെ ചെയ്യട്ടെ. പടയാളികളും അവനോടു ചോദി ച്ചു: ഞങ്ങൾ എന്തു ചെയ്യണം? അവൻ അവരോടു പറഞ്ഞു: നിങ്ങൾ ആരെയും ഭീഷണിപ്പെടു ത്തരുത്. വ്യാജമായ കുററാരോപ ണവും അരുത്. വേതനംകൊണ്ടു തൃപ്തിപ്പെടണം" (ലൂക്കാ. 3:10,14). "അപ്പോൾ ഒരു നിയമജ്ഞൻ എഴു ന്നേറ്റു നിന്ന്... ചോദിച്ചു: ഗുരോ, നിത്യജീവൻ അവ കാശമാക്കാൻ ഞാൻ എന്തു ചെയ്യണം?... യേശു പറഞ്ഞു: നീയും പോയി അതു പോലെ ചെയ്യുക" (ലൂക്കാ. 10: 25,37). "ഒരു അധികാരി അവനോടു ചോദിച്ചു: നല്ലവനായ ഗുരോ, നിത്യജീവൻ അവകാശമാക്കാൻ ഞാൻ എന്തു ചെയ്യണം? ...യേശു പറഞ്ഞു:.... നിനക്കുള്ളതെല്ലാം വിറ്റു ദരിദ്രർക്കു കൊടുക്കുക, അപ്പോൾ സ്വർഗ്ഗത്തിൽ നിനക്കു നിക്ഷേപം ഉണ്ടാകും..." (ലൂക്കാ. 18:18,22). നിത്യജീവനെന്നത് താലത്തിൽ വച്ചുതരുന്ന ഒന്നല്ലെ ന്നതു ഇവയിൽ നിന്നൊക്കെ പകൽപോലെ വ്യക്തമാണല്ലോ. വിയർത്തും വിലകൊടുത്തും തന്നെയാണ് ശിഷ്യത്വത്തിന്റെ വഴിയേ ഏതൊരാളും നടക്കേ ണ്ടത്.

അപ്പോൾ ഒരു പ്രശ്നം നാം ചെയ്യുന്നതൊക്കെ പ്രതിഫലേച്ഛ യോടെയല്ലേ എന്നതാണ്. ഉപമ യിലെ കാര്യസ്ഥന്റെ ചെയ്തികൾ സ്വാർത്ഥ പ്രേരിതമെന്നതു പോലെ തന്നെയല്ലേ പ്രകാശത്തിന്റെ മക്ക ളുടെ ചെയ്തികളും? ഈ രണ്ടു ചെയ്തികളുടേയും ഉറവിടം രണ്ടാണ്. ആദ്യത്തേതു തന്നോടു തന്നെയുള്ള സ്നേഹത്തിൽ നി ന്നും രണ്ടാമത്തേത് ദൈവത്തോ ടുള്ള സ്നേഹത്തിൽനിന്നും ഉറവ പൊട്ടുന്നു എന്നതാണ് ഇരു ചെയ് തികൾക്കിടയിലെ കാതലായ വ്യത്യാസം. പ്രണയിക്കുന്നവൻ പ്രണയിനിക്കുവേണ്ടി എല്ലാം ചെയ്യുന്നതുപോലെ ഏതൊരു ശിഷ്യനും ചെയ്യുന്നതെല്ലാം തന്റെ നാഥന്റെ ചാരേയെത്താൻ തന്നെ യാണ്. "അവൻ എല്ലാവരോടുമായി പറഞ്ഞു: ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെ ങ്കിൽ അവൻ തന്നെത്തന്നെ പരി ത്യജിച്ച് അനുദിനം തന്റെ കുരിശു മെടുത്തുകൊണ്ട് എന്നെ അനുഗ മിക്കട്ടെ. സ്വന്തം ജീവൻ രക്ഷി ക്കാൻ ആഗ്രഹിക്കുന്നവൻ അതു നഷ്ടപ്പെടുത്തും; എന്നെപ്രതി സ്വജീവൻ നഷ്ടപ്പെടുത്തുന്നവൻ അതിനെ രക്ഷിക്കും" എന്ന ലൂക്കാ പാഠം (9:24-23) തന്നെയാണ് നമ്മുടെ ഉപമയും മുന്നോട്ടു വയ്ക്കുന്നത്.

**നുറുങ്ങുവെട്ടം**

**അവന്റെ ആയുധത്തിനു മുന്നിൽ നിന്റെ നിശബ്ദത നിന്നെ ദൈവത്തിന്റെ മാലാഖയാക്കി...**

ദൈവത്തിന്റെ കൂട്ടിന് പുറത്തുപോയ മനുഷ്യരുടെ അടുത്ത കണ്ണികൾ ദുരന്തങ്ങൾ പേറുന്നവരാണ്. കായിൻ അവന്റെ സഹോദ രനെ കൊന്നുകളയുന്നു. ഒറ്റ വായനയിൽ കുടുംബകഥയുടെ പിന്തു ടർച്ചയാണ് മക്കളുടെ കഥയും. പരസ്പരം സഹോദരനെ കൊന്നുകള യാൻ കായീനിൽ വൈകാരികഭാവം എങ്ങനെയുണ്ടായി.

നാം അറിയാതെ ദൈവത്തിന്റെ കൂട്ടിന് പുറത്ത് നമ്മിൽ ഉണ്ടാകു ന്നതും തലമുറകളിലേക്ക് കൈമാറ്റം ചെയ്യുന്നതുമായ ഒരു വൈകാ രിക ബോധമുണ്ട്. വീട്ടിനുള്ളിൽ തന്നെ ദൈവത്തിന്റെ കൂട്ടിന് പുറ ത്തായാൽ ഈ വൈകാരികതകൾ രൂപപ്പെടും.

തോട്ടത്തിന് പുറത്തായവന്റെ തലമുറ ഒരാൾ മരണത്തിലേക്കും മറ്റേയാൾ വിശുദ്ധ വേദം കണ്ട ആദ്യ കൊലപാതകിയും. മരണ പ്പെട്ട ആളിന്റെ പേര് പറയാത്തത് മനപ്പൂർവമാണ് കാരണം അയാൾ അയാളിൽ തന്നെ നിശബ്ദമാണ്.

സ്വയം നിശബ്ദമാകുന്ന സഹോദരന്റെ യാഗപീഠം ദൈവത്തിനു വിശുദ്ധമാണെങ്കിൽ, തലമുറകളിൽ നിന്ന് പകയുടെ, പുറത്താക്ക ലിന്റെ വൈകാരികതകൾ കൈവശമാക്കിയവന്റെ (കായിൻ) തലമുറ പാപത്തിന്റെ കൈമാറ്റ ചരിത്രത്തിന്റെ ഭാഗമാണ്.

തന്റെ യാഗവസ്തുവിനെ ദൈവം സ്വീകരിക്കാതെ വന്നപ്പോൾ എന്തുകൊണ്ട് തന്റെ സഹോദരനിൽ നിന്ന് കായിൻ അവന്റെ യാഗ പീഠത്തിന് സമാനമായ ബലിയർപ്പിക്കാൻ അവന്റെ പക്കൽ ഉണ്ടാ യിരുന്നു യാഗവസ്തുവിനെ കടം വാങ്ങിയില്ല...

സഹോദരനോട് തന്റെ ആവശ്യങ്ങൾ തുറന്നു പറയാൻ കൂട്ടാ ക്കാതെ അവനെ മൃഗീയമായി കൊല്ലാൻ കായിൻ തയ്യാറെടുപ്പുകൾ നടത്തുന്നു. ദൈവസൗഹൃദത്തിന്റെ ഭാഷകൾ കൈമോശം വന്ന മാതാപിതാക്കളുടെ തലമുറ യുദ്ധത്തിനുവേണ്ടി ആയുധങ്ങൾ അന്വേഷിക്കുന്നവരാണ്.

ഹാബേൽ നിന്റെ പേര് ഞാൻ എങ്ങനെ പറയാതിരിക്കും ഞാൻ മനഃപൂർവ്വം ഒഴിവാക്കിയതാണ് എന്നിട്ടും നിന്റെ നിശബ്ദതകൾ അത് എത്രയോ സൗന്ദര്യം ഉള്ളതാണ്.

അവന്റെ ആയുധത്തിനു മുന്നിൽ നിന്റെ നിശബ്ദത നിന്നെ ദൈവ ത്തിന്റെ മാലാഖയാക്കി.

fr. ajeesh

# ഹോശന്നാ: നീതിക്കുവേണ്ടിയുള്ള നിലവിളി

ഫാ. സിബി മാത്യു വർഗീസ്

**കു**തിരയും ചെങ്കോലും കിരീടവും മേലങ്കിയുമില്ലാത്ത ഒരു രാജാവ് കഴുതക്കുട്ടിയുടെ പുറത്ത് വിനയാന്വിതനായി, നന്മയുടെ ചെങ്കോലും സ്നേഹത്തിന്റെ മേലങ്കിയും സാഹോദര്യത്തിന്റെ കിരീടവുമണിഞ്ഞ്, ജനമനസ്സുകളിലെ നിരത്തുകളിലൂടെ സമാധാനത്തിന്റെ രാജാവായി പ്രവേശിക്കുന്നതിന്റെ സ്മരണയാണ് ഓശാന പെരുന്നാൾ.

യേശുവിന്റെ കാലത്തെ റോമൻ സാമ്രാജ്യത്തിലെ അധികാരികൾ മേന്മയേറിയ കുതിരപ്പുറത്തും രഥങ്ങളിലും സഞ്ചരിക്കുമ്പോൾ യേശുവിനും അഞ്ഞൂറു വർഷങ്ങൾക്കുമുമ്പ് 'സീയോൻ പുത്രി അതിയായി ആനന്ദിക്കുക, യെരുശലേം പുത്രി അതിയായി ആർപ്പുവിളിക്കുക ഇതാ നിന്റെ രാജാവ് നിന്റെ അടുക്കലേയ്ക്ക് വരുന്നു. അവൻ പ്രതാപവാനും ജയശാലിയുമാണ്. അവൻ വിനയാന്വിതനായി, കഴുതപ്പുറത്ത്, കഴുതകുട്ടിയുടെ പുറത്ത് കയറി വരുന്നുവെന്ന്' സഖറിയാ പ്രവാചകൻ വരാനിരിക്കുന്ന രാജാവിനെക്കുറിച്ച് പറഞ്ഞതുപോലെ (സഖറിയ 9:9) യേശു കഴുത കുട്ടിയുടെ പുറത്ത് കയറി വരികയാണ്.

താൻ രാജാവാണെന്നും എന്നാൽ അധികാരം കൈയ്യാളുന്ന റോമാക്കാരെപ്പോലയോ, അധികാരത്തെ അക്രമത്തിലൂടെ തോൽപ്പിക്കാൻ ശ്രമിക്കുന്ന ഗലീലിയൻ വിപ്ലവകാരികളെ (zealots) പോലെയോ അല്ല, തൻറെ ശൈലിയും രാജത്വവുമെന്ന് കഴുതക്കുട്ടിയുടെ പുറത്തുള്ള യാത്രയിലൂടെ യേശു വ്യക്തമാക്കുകയായിരുന്നു.

അന്നുവരെ അവർ കണ്ടതും, കേട്ടതും, അറിഞ്ഞതും അവരുടെ മേൽ ആധിപത്യം പുലർത്തുന്ന, ഭീകര നയങ്ങൾക്കൊണ്ട് പീഡിപ്പിക്കുന്ന, അവരുടെ മേൽ ഭാരങ്ങൾ വെച്ചുകെട്ടുന്ന നേതാക്കന്മാരെയാണ്. ഇന്നിതാ ഒരു പുതിയ നേതൃത്വം ഉദയം ചെയ്തിരിക്കുന്നു. പ്രതീക്ഷയുടെ, പ്രത്യാശയുടെ ശബ്ദമാണ് ആ നേതാവിന്: 'ദുഃഖിതരും പീഡിതരും ഭാരം ചുമക്കുന്നവരുമായുള്ളോരേ നിങ്ങൾ എന്റെ അടുക്കലേക്ക് വരുവിൻ, ഞാൻ നിങ്ങളുടെ ഭാരങ്ങൾ വഹിക്കാം'. ഇത് അവർക്ക് നൽകിയ ആശ്വാസം ചെറുതൊന്നുമല്ല. അവർ ആ നേതാവിന്റെ പിറകെ കൂടി. അവൻ യേറുശലേമിലാക്കാണ്. ഇക്കാലമത്രയും അവർ യെരുശലേമിലേക്ക് പോയതും പെരുന്നാൾ കൂടിയതുമൊക്കെ പുറജാതികളെപോലെയാണ്. രണ്ടാംകിട പൗരന്മാരെപോലെ പാർശ്വങ്ങളിലേക്ക് മാറിനിന്നു. പുച്ഛവും പരിഹാസവും അടിച്ചമർത്തലും എടുക്കാൻ വഹിയാത്ത വിധം ഭാരവും. പക്ഷെ ഇന്ന് രാജകീയ എഴുന്നള്ളത്താണ് (Triumphal Entry). തലയുയർത്തിയാണ് അവരുടെ വരവ്. ചോദിക്കാനും, പറയാനും നമുക്കും ഒരാളുണ്ടെന്ന മട്ടിൽ. അവർ ആർത്തുവിളിച്ചു, ഹോശന്ന ഹോശന്ന ഹോശന്ന. അതു കേവലം ജയ് വിളിയോ, മുദ്രവാക്യമോ ആയിരുന്നില്ല. മറിച്ചു നിലവിളി ആയിരുന്നു. സഹായത്തിനായുള്ള മുറവിളി. നീതിക്കായുള്ള നിലവിളി. ഭരണകൂട ഭീകരത ക്കെതിരെയുള്ള അവരുടെ പ്രതിഷേധം.

ആക്ടിവിസ്റ്റ് എന്നാൽ ആന്റി-സോഷ്യൽ എന്ന ഫാസിസ്റ്റ് നിർവ്വചന നിർമ്മിതിയുടെ ഏറ്റവും ആദ്യത്തെ രക്തസാക്ഷിയായിരുന്നു യഥാർത്ഥത്തിൽ ക്രിസ്തു. ഇന്നും നമുക്ക് ചുറ്റും ആ ഭീകര പ്രതിഭാസം കാണാം. സൗകര്യപൂർവ്വം നാം കണ്ണടക്കുകയാണ്. മനുഷ്യാവകാശ ലംഘനത്തിനെതിരെ ശബ്ദമുയർത്തുന്നവരെ ഒറ്റുകാരെന്നും, ദേശദ്രോഹികളെന്നും മുദ്രകുത്തി തുറങ്കലിൽ അടയ്ക്കുമ്പോൾ ജനാധിപത്യ രാജ്യമെന്ന പേരുതന്നെ നമുക്ക് നഷ്ടമാവുന്നു. 'വ്യത്യസ്തതയും വിയോജിപ്പും വിരുദ്ധയുക്തിയാകുന്ന ഫാസിസ്റ്റ് ഭരണനിർമ്മിതിയിൽ ജനാധിപത്യ ധ്വംസനം തികച്ചും സ്വാഭാവികം'.

അനീതി-അക്രമങ്ങളിൽ നിന്നും ജനങ്ങൾക്ക് സുരക്ഷ ഒരുക്കേണ്ട ഭരണകൂടം, അതിനു വിരുദ്ധമായി അന്യായത്തിന്റെ വക്താക്കളായി മാറുന്നത് നീതീകരിക്കാനാവില്ല. ഇത്തരം സംഭവങ്ങൾക്കെതിരെ ഭരണ-പ്രതിപക്ഷ രാഷ്ട്രീയപാർട്ടികളോ, മത-സാംസ്കാരിക നായകന്മാരോ പ്രതികരിക്കാത്തതും അങ്ങേയറ്റം പ്രതിഷേധാർഹമാണ്. ജനാധിപത്യപരമായ പ്രതിഷേധങ്ങളെ അടിച്ചൊതുക്കുന്നതും, ഇല്ലായ്മ ചെയ്യാൻ ശ്രമിക്കുന്നതും ഭീരുത്വമാണ്. ഒരുതരം ഉളുപ്പില്ലാത്ത രാഷ്ട്രീയം.

സ്റ്റാൻ സ്വാമിയെന്ന പുരോഹിതനെ ഓർക്കുന്നുണ്ടോ? ഭാരത സഭകൾ മനഃപൂർവ്വം മറക്കാൻ ശ്രമിക്കുന്ന വിഷയമാണതു. അദ്ദേഹത്തിന്റെ മരണത്തെപ്പറ്റി വായിച്ച ഒരു ലേഖനത്തിലെ ചില വാചകങ്ങൾ ഇവിടെ കുറിക്കുന്നു: 'സ്റ്റാൻ സ്വാമി മരിച്ചുവെന്നത് സാങ്കേതികം മാത്രമാണ്. അദ്ദേഹം'

കൊല്ലപ്പെട്ടതാണ്. 'അതൊരു ജുഡീഷ്യൽ കൊലപാതകം കൂടിയാണ്. കോവിഡ് സാഹചര്യവും തന്റെ പാർക്കിൻസൺ രോഗതീവ്രതയും പ്രായവും പരിഗണിച്ച് വീഡിയോ കോൺഫ്രൻസിലൂടെ തന്റെ പരാതി കേൾക്കണമെന്ന ആ വയോവൃദ്ധന്റെ ദയനീയ വിലാപം അവഗണിച്ച കോടതി ജാമ്യാപേക്ഷയിന്മേലുള്ള തീർപ്പ് അനന്തമായി നീട്ടിക്കൊണ്ടുപോവുകയായിരുന്നു. കോവിഡ് കാരണമായിരുന്നു വിയോഗമെങ്കിലും നമ്മുടെ നീതിന്യായവ്യവസ്ഥയുടെ മെല്ലെപ്പോക്ക് നയത്തിന്റെ ദയനീയ രക്തസാക്ഷിയായി സ്റ്റാൻ സ്വാമി മരിച്ചു എന്നതാണ് വാസ്തവം. സ്വകാര്യ ആശുപത്രിയിലായിരുന്നു അന്ത്യമെങ്കിലും അതൊരു കസ്റ്റഡി കൊലപാതകം തന്നെയാണ്. അദ്ദേഹത്തിന് കോവിഡ് വാക്സിൻ പോലും ലഭിച്ചിരുന്നില്ല എന്നറിയുമ്പോഴാണ് മനുഷ്യാവകാശലംഘനങ്ങളുടെ ഭീകരമുഖം നമുക്ക് മുമ്പിൽ വെളിപ്പെടുന്നത്. ബാന്ദ്ര സെന്റ് പീറ്റേഴ്സ് ദേവാലയത്തിൽ തണുത്തുറഞ്ഞു കിടന്നത് യഥാർത്ഥത്തിൽ ജനാധിപത്യ ഇന്ത്യയുടെ നിശ്ചലശരീരമായിരുന്നു'.

രാഷ്ട്രീയക്കാര് അവിടെ നിൽക്കട്ടെ, ക്രിസ്തു ഗാത്രമായ സഭ എന്തു ചെയ്യുന്നു? ഹോശന്ന പെരുന്നാളുകൾ മേൽക്കുമേൽ വർണ്ണശബളമാകുന്നതല്ലാതെ ഹോശന്നയുടെ യഥാർത്ഥ അർത്ഥതലത്തിൽ പ്രവർത്തിക്കുവാൻ സാധിക്കുന്നുണ്ടോയെന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. ക്രിസ്തുവിന്റെ പിന്നാലെയുള്ള അന്നത്തെ ജനമുന്നേറ്റം കേവലം പ്രകോപനം മാത്രമായിരുന്നില്ല. ഇന്ന് സഭയുടെ പ്രതിഷേധങ്ങളും, പ്രകടനങ്ങളും കേവലം പ്രകോപനം മാത്രമായി അവസാനിക്കുന്നുണ്ടോ എന്നു ചിന്തിക്കണം. ഭരണ-പ്രതിപക്ഷങ്ങളെ വ്യക്തിതാൽപ്പര്യങ്ങൾക്ക് അനുസൃതമായി പ്രീണിപ്പിക്കുവാനും പ്രകോപിപ്പിക്കുവാനുമുള്ള ശ്രമങ്ങൾ കണ്ടുവരുന്നുണ്ട്. ഇതും രണ്ടുമല്ല ആവശ്യം. മനുഷ്യന്റെ അവകാശം ലംഘിക്കപ്പെടുമ്പോൾ ക്രിസ്തുവിനെപ്പോലെ മുന്നിൽ നിന്നു പോരാടാൻ സഭയ്ക്ക് കഴിയണം. സഭയിൽ മുന്നിൽ നിന്നു നയിക്കേണ്ട ക്രിസ്തുശിഷ്യന്മാരുടെ രീതികൾ പോലും ആശങ്കയുണർത്തുന്നതാണ്. സ്വന്തം സഭാമക്കളുടെ ഇടയിലൂടെ പോലും നടന്നുപോകാൻ പേടിക്കുന്ന പിതാക്കന്മാർ. ബാരിക്കേടുകളും മനുഷ്യചങ്ങലകളും തീർത്തു, അതിന്റെ ഇടയിലൂടെ സ്ലീബാ വീശിപോകുന്ന ശിഷ്യന്മാർ ഗുരുവിനെ ഇടയ്ക്കൊന്നു ശ്രദ്ധിക്കുന്നത് നല്ലതാണ്. നാലുവശങ്ങളിലും മരണക്കെണി ഒരുക്കി കാത്തിരിക്കുന്ന ശത്രുക്കളുടെ മുന്നിലൂടെ ഒരു കഴുതപ്പുറത്തു യാത്ര ചെയ്യുന്ന ഗുരു ഒരു ബദൽ മാതൃകയാണ്.

സ്റ്റാൻ സ്വാമിയെപ്പോലെയുള്ള രക്തസാക്ഷികളുടെ രക്തം വീണു ചുട്ടുപൊള്ളുന്ന മണ്ണിലാണ് സഹോ ഞാനും നീയും നിൽക്കുന്നത്. അവരുടെ രക്തം നീതിക്കായി നിലവിളിക്കുന്നുണ്ട്. നീതി നദിപോലെ ഒഴുകിവരട്ടെ. അതിനുള്ള ചാലുകൾ തീർക്കാൻ സഭയ്ക്ക് കഴിയട്ടെ. നീതിക്കായി വിശന്നു ദാഹിക്കുന്ന സഭയ്ക്ക് പിന്നിൽ അണിനിരക്കാൻ ആരെയും പ്രത്യേകിച്ച് ക്യാൻവാസ് ചെയ്യേണ്ട ആവശ്യമില്ല. ജനം ക്രിസ്തുവിന്റെ പിറകേ കൂടിയ പോലെ കൂടിക്കോളും. പക്ഷേ അവർക്കു വിശക്കുമ്പോൾ ഭക്ഷണം നൽകുകയും അവരുടെ മുറിവുകൾ വെച്ചുകെട്ടുകയും അവരിൽ മുടന്തരെയും കുരുടരെയും ബധിരരെയും കുഷ്ഠരോഗികളെയും സൗഖ്യമാക്കുകയും പിഴച്ചുപോയവരെ ചേർത്തുപിടിക്കുകയും നിശബ്ദരാക്കപ്പെട്ടവർക്ക് ശബ്ദം നൽകാനും പതിയെ പതിയെ അവർ ശബ്ദിക്കത്തക്കവണ്ണം അവരെ പാകപ്പെടുത്തിയെടുക്കാനുമൊക്കെ കഴിയണം. അതിനു ചാലകശക്തിയാകേണ്ട സഭയും അക്രമത്തിന്റെയും അടിച്ചമർത്തലുകളുടെയും വക്താക്കളാകുമ്പോൾ ഹോശന്ന പെരുന്നാൾ കേവലം ആചാരമായി മാറുന്നുണ്ട്. കുറേകൂടി സചേതനമായും സൂക്ഷ്മബോധത്തോടെയും (Sensitive) ഹോശന്ന വിളിക്കാനും കേൾക്കാനും ഇത്തവണ നമുക്ക് ശ്രമിക്കാം. ചുമടു താങ്ങി കഴുത്തൊടിഞ്ഞ കഴുതപോലും തലയുയർത്തിയത് ഈ ഹോശന്ന വിളി കേട്ടിട്ടാണ്. ജനം കഴുതയാണ്, അവരെ എന്നും പറ്റിക്കാമെന്ന ചിന്ത വെടിഞ്ഞു, അവരുടെ തലയുയർത്തുന്ന തലത്തിലേക്ക് സഭയായി നമുക്ക് വളരാം. അപ്പോൾ അത്യുന്നതങ്ങളിൽ മാത്രമല്ല, ഇങ്ങു താഴെ നാം ചവിട്ടിനിൽക്കുന്ന ഈ ഭൂമിയിലും എല്ലാവർക്കും ഹോശന്നയാകും.

**മാന്യവായനക്കാരുടെ ശ്രദ്ധയ്ക്ക്**

ഡയോസിസൻ ബുള്ളറ്റിൻ വരിക്കാരുടെ വരി സംഖ്യ കുടിശിഖ ആയിട്ടുണ്ടെങ്കിൽ മണിയോഡർ ആയോ, ഡി. ഡി. ആയോ, നെറ്റ് ബാങ്കിംഗ് വഴിയോ പണം അടയ്ക്കാവുന്നതാണ്. അക്കൗണ്ട് നമ്പർ താഴെ കൊടുക്കുന്നു.

Dr. Thomas Mar Athanasius Metropolitan
SBI Muvattupuzha, A/c No. 10246001089, IFSC: SBIN0008652

**ബുള്ളറ്റിൻ വരിസംഖ്യ നിരക്ക്**

1 വർഷം-100 രൂ., മൂന്ന് വർഷം-250 രൂ., ആയുഷ്ക്കാലം (12 വർഷം)-1000 രൂ.

RNI No. KERMAL/2012/46014 Date of Publication 15/04/2024 Licence No. KL/CR/ALY/WPP-02/2022-24
Registered. Reg. No. KL/ALY/0067/2022-2024 Price Rs. 10/- Licensed to Post Without Pre-payment

# KANDANAD DIOCESAN BULLETIN

## വേദസമീക്ഷ രണ്ടാംവർഷ ക്ലാസ് ആരംഭിക്കുന്നു

കണ്ടനാട് ഈസ്റ്റ് മർത്തമറിയം വനിതാസമാജത്തിന്റെ ആഭിമുഖ്യത്തിൽ കഴിഞ്ഞ ഒരു വർഷമായി നടത്തിവരുന്ന വേദസമീക്ഷ തിരുവചന പഠന കോഴ്സിന്റെ രണ്ടാംവർഷ പഠനം ആരംഭിച്ചു. ഏപ്രിൽ 8-ാം തീയതി വൈകിട്ട് നടന്ന ക്ലാസിന് അഭിവന്ദ്യ ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത നേതൃത്വം നൽകി. 'അപ്പസ്തോല പ്രവർത്തികൾ-ആമുഖം' എന്ന വിഷയത്തെ ആസ്പദമാക്കിയാണ് ക്ലാസ് നടന്നത്. രണ്ടാംവർഷ പഠനത്തിന് ആകെ 57 പേരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. കോഴ്സ് സംബന്ധിച്ച വിശദവിവരങ്ങൾക്ക് കോഴ്സ് ഡയറക്ടർ ഫാ. ഷിബു കുര്യനെയോ, കോ-ഓർഡിനേറ്റർ ശ്രീമതി മിനി ജോസഫിനെയോ ബന്ധപ്പെടുക.

## കാൽകഴുകൽ ശുശ്രൂഷ നടത്തി

ഈ വർഷത്തെ പീഡാനുഭവ ആഴ്ചയോട് അനുബന്ധിച്ച് വടകര സെന്റ് ജോൺസ് ഓർത്തഡോക്സ് സുറിയാനി പള്ളിയിൽ വച്ച് കാൽകഴുകൽ ശുശ്രൂഷ നടത്തപ്പെട്ടു. ഇടവക മെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസിയോസ് തിരുമേനിയും ഭദ്രാസനത്തിലെ പന്ത്രണ്ട് പട്ടക്കാരും മുഖ്യകാർമ്മികരായി. ശുശ്രൂഷകളിൽ ഭദ്രാസനത്തിലെ വിവിധ ഇടവകകളിൽ നിന്ന് വൈദികരും വിശ്വാസികളും പങ്കാളികളായി.

## പിറവം മേഖലായോഗം

മർത്തമറിയം വനിതാസമാജം പിറവം മേഖലാ യോഗം വെട്ടിത്തറ മാർ മീഖായേൽ ഓർത്തഡോക്സ് സുറിയാനി പള്ളിയിൽ വച്ച് ഏപ്രിൽ 10 ബുധനാഴ്ച നടത്തപ്പെട്ടു. രാവിലെ 10 മണിക്ക് ആരംഭിച്ച യോഗം അഭിവന്ദ്യ ഇടവക മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. മേഖലാ പ്രസിഡന്റ് റവ. ഫാ. ഏലിയാസ് ചെറുകാട്ട് അദ്ധ്യക്ഷത വഹിച്ചു. മർത്തമറിയം വനിതാസമാജം ഭദ്രാസന സെക്രട്ടറി ശ്രീമതി മിനി ജോസഫ് പ്രസംഗിച്ചു. മേഖലാ സെക്രട്ടറി ശ്രീമതി മുന്നു ജോൺസൺ യോഗത്തിന് സ്വാഗതം ആശംസിച്ചു. തുടർന്ന് നടന്ന ക്ലാസിന് രാജഗിരി ഹോസ്പിറ്റലിലെ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ശ്രീമതി ദിവ്യ ഉമ്മൻ നേതൃത്വം നൽകി. പിറവം മേഖലയിലെ വിവിധ ഇടവകകളിൽ നിന്നായി 150 ൽപരം പ്രതിനിധികൾ യോഗത്തിൽ സംബന്ധിച്ചു.

## ഭദ്രാസന പൊതുയോഗം

കണ്ടനാട് ഈസ്റ്റ് ഭദ്രാസന പൊതുയോഗം 2024 ഏപ്രിൽ 20-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് മൂവാറ്റുപുഴ സെന്റ് തോമസ് കത്തീഡ്രലിൽ വച്ച് ഇടവക മെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ നടക്കും. പ്രസ്തുത യോഗത്തിൽ ഭദ്രാസനത്തില ഇടവക പള്ളികളെ പ്രതിനിധീകരിച്ച് തിരഞ്ഞെടുക്കപ്പെട്ട പ്രതിപുരുഷന്മാരും ഇടവക വികാരിമാരും യോഗത്തിൽ സംബന്ധിക്കും. 2022 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ഭദ്രാസനറിപ്പോർട്ടും 2022-2023 വർഷത്തെ വരവ്-ചെലവ് കണക്കും ഓഡിറ്റ് റിപ്പോർട്ടും യോഗം ചർച്ച ചെയ്ത് പാസ്സാക്കും. ഇത് സംബന്ധിച്ചുള്ള ഇടവക മെത്രാപ്പോലീത്തായുടെ നോട്ടീസ് കല്പന ഭദ്രാസന ഓഫീസിൽ നിന്ന് ഇടവക പള്ളികൾക്ക് അയച്ചുകൊടുത്തിട്ടുണ്ട്.



വടകര സെന്റ് ജോൺസ് ഓർത്തഡോക്സ് സുറിയാനി പള്ളിയിൽഇടവക മെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസിയോസ് കാൽ കഴുകൽ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്നു.



മർത്തമറിയം വനിതാസമാജം പിറവം മേഖലാ സമ്മേളനം ഇടവക മെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസിയോസ് ഉദ്ഘാടനം ചെയ്യുന്നു.

Printed and published by Fr. Abraham Karamel, Secretary, Kandand East Diocese, Bishop's House, Muvattupuzha - 686 661, Ph: 0485 2832401
Managing Editor: P. J. Varghese Ph: 0485 2253209, Printed at St. George Press, Muvattupuzha, Ph: 9846869426